
# ബൈബിൾ ദൂത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
THE BIBLE TEACHER
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE *** J. C. CHOATE

***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 5 February 1991 No. 11





ലോകമെങ്ങും ഭയത്തിലും ദുഃഖത്തിലും ആണ്ടുകിടക്കുന്നു. ഗൾഫിലെ യുദ്ധക്കെടുതിയിൽ അകപ്പെട്ട മക്കളെച്ചൊല്ലി ആത്മഹത്യ ചെയ്ത മാതാപിതാക്കൾ; ഭാര്യമാരേയും മക്കളേയും നാട്ടിലയച്ച് ജോലി സ്ഥലങ്ങളിൽ തന്നെ കഴിയുന്ന ഉദ്യോഗസ്ഥർ, സമ്പാദിച്ചതൊന്നും കൊണ്ടുവരാൻ, സാധിക്കാതെ നിരാശയോടെ മടങ്ങിയവർ എന്നുവേണ്ട എത്ര എത്രേ പേർ ഈ യുദ്ധത്തിന്റെ ഫലമായി ദുരിതമനുഭവിക്കുന്നു. ഈ നിരപരാധികളായ ആളുകളെ ദൈവം ഇങ്ങനെ പീഡിപ്പിക്കണോ എന്നു പോലും ചിലർ ചോദിക്കാറുണ്ട്. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. ദൈവത്തോടുള്ള മത്സരവും അനുസരണക്കേടും വർദ്ധിക്കുമ്പോൾ അവനിൽ പിശാച് പ്രവർത്തിക്കും. പിന്നീട് അവരെ നിയന്ത്രിക്കുന്നതു അശുദ്ധാത്മാവായിരിക്കും. ദൈവത്തെ അന്വേഷിക്കുന്നവരില്ല, ദൈവീക കാര്യങ്ങൾ ഗ്രഹിക്കുന്നവരില്ല. അതിനാൽ മനുഷ്യർ നശീകരണ മാർഗ്ഗത്തിലേക്കു തിരിയുന്നു. സത്യത്തിൽ നിലനില്ക്കാത്തവർക്കു ക്രിയാത്മകമായി ഒന്നും ചെയ്വാൻ സാദ്ധ്യമല്ല. ദൈവ മഹത്വത്തെ തിരിച്ചറിയുവാൻ ഓരോ മുഖാന്തരം ദൈവം ഒരുക്കുകയാണ്. അതു കണ്ടിട്ടെങ്കിലും ജനങ്ങൾ തങ്ങളുടെ ദുഷ്പ്രവൃത്തികൾ വിട്ടുതിരിയുവാൻ ദൈവം ആഹ്വാനം ചെയ്യുകയാണ്. വിപത്തുകളിൽ ആകുലചിത്തരായി കഴിയുന്നവരും ദുഃഖിതരും ഭയവിഹ്വലരായി കഴിയുന്നവരും ദൈവത്തിലേക്കു തിരിയേണം. അവർക്കു ആശ്വാസം നല്കുവാൻ ദൈവം സന്നദ്ധനാണ്. പക്ഷേ പലരും പ്രശ്ന പരിഹാരത്തിനു തങ്ങളുടെ ബുദ്ധിയെ ആശ്രയിക്കും. ഞങ്ങളുടെ പ്രാർത്ഥനയും പ്രത്യാശയും നിങ്ങളെല്ലാവരും കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും അവന്റെ കൃപാദാനത്തിലും സമാധാനത്തിലും വളരണമെന്നാണ്.

പി.കെ. വർഗീസ്

# ആരാണ് ഒരു ക്രിസ്ത്യാനി?

J. C. ചോട്ട്

ഒരു ക്രിസ്ത്യാനി എന്ന വാക്കിനു ധാരാളം നിർവ്വചനങ്ങൾ ഉണ്ട്. വിശാലവും വിശദവുമായ ഒരു വിവരണം ഇതിനെ കുറിച്ച് ചോദിച്ചാൽ ഭൂരിഭാഗം പേരും പറയുന്നതു്, ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരുത്തനും ക്രിസ്ത്യാനിയാണെന്നാണ്. ക്രിസ്തുവിനെ തന്റെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചിരിക്കുന്നവനാണ് ക്രിസ്ത്യാനി എന്ന് മറ്റുചിലർപറയും. ഒരാൾ താൻ ക്രിസ്ത്യാനിയാണെന്നു പറഞ്ഞാൽ അവൻ ക്രിസ്ത്യാനിയാണെന്ന് മുകളിൽ പറഞ്ഞ പ്രസ്താവനകൾ ചൂണ്ടിക്കാണിക്കുന്നു, എല്ലാ സഭകളിലും ഉള്ളവർ ക്രിസ്ത്യാനികൾ അല്ലേ എന്നു ചോദിക്കുന്നവരുണ്ട്. മാനുഷികമായ ധാരണകളിൽ നിന്നാണ് ഈ ആശയങ്ങളെല്ലാം ഉരുത്തിരിഞ്ഞു വന്നതു എന്നതിൽ സംശയമില്ല.

കർശനമായ ഒരു നിർവ്വചനം ആരാണ് ക്രിസ്ത്യാനി എന്നതിനു നല്കുമ്പോൾ പല ദിക്കിൽ നിന്നു വിമർശനങ്ങൾ ഉയരും. അവർ പറയും, 'അങ്ങനെയാണെങ്കിൽ, ആ ചിന്ത വളരെ ഇടുങ്ങിയതും വിധിക്കുന്നതും ആയിതീർന്നു' എന്ന്. വാസ്തവം എന്താണെന്നു തുറന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല.

ക്രിസ്ത്യാനി ആയിത്തീരുക എന്നാൽ വിശാല മനസ്കതയുള്ള ഒരു നാമധേയ വിഭാഗത്തിൽ അംഗമായി ജീവിക്കുകയാണ് എന്ന കരുതൽ ചിലർക്കുണ്ട്. യഥാർത്ഥ സഭയിൽ ചില അംഗങ്ങൾ അവ

രുടെ ഔദാര്യ ചിന്തയും നാമധേയ വിഭാഗീയ ചിന്തയും കടന്നു വന്നുവെങ്കിൽ അവിടെ അഥവാ ആ സഭയിൽ ക്രിസ്ത്യാനികൾ ഉണ്ട് എന്നു പറയുന്നതിൽ തെറ്റില്ല. എന്നാൽ മററുരീതിയിലുള്ള യുക്തിവാദങ്ങൾ എല്ലാം കഴമ്പില്ലാത്തതു തന്നെ. ദൈവ വചനത്തെക്കുറിച്ചു യഥാർത്ഥ അറിവ് അവർക്കില്ലാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതേസമയം അവർ മററുള്ളവരെപോലെയാണെന്നു വരുത്തി തീർക്കുകയും വേണം. അവരാരും അവർക്കുനേരെ ഉയരുന്ന വെല്ലുവിളികളെയോ എതിർപ്പുകളേയോ നേരിടുവാൻ സമീപത്തുപോലും എത്തുകയില്ല. എല്ലാ സഭകളിലും ഉള്ളവർ ക്രിസ്ത്യാനികളാണ് എന്നു ഉറപ്പിച്ചു പറയുന്ന പ്രവണത നിങ്ങൾ കേട്ടിരിക്കാം. അതു പേരിൽ മാത്രം അറിയപ്പെടുന്ന വിഭാഗങ്ങളുടെ തീരുമാനം മാത്രമാണ്.

ക്രിസ്ത്യാനിയായി തീരുന്നതിനെ സംബന്ധിച്ച് ബൈബിളിൽ ഒന്നും പറയുന്നില്ലേ? ആരാണ് ക്രിസ്ത്യാനി? അവനെ നമുക്കെവിടെ കാണാം? ഇതെല്ലാം മനസിലാക്കാൻ നാം വേദപുസ്തകതാളുകൾ മറിച്ച് പരിശോധിക്കണം. മനുഷ്യർ പലതും പറയും. എന്നാൽ ഇതുപോലെയുള്ള കാര്യങ്ങൾക്കു അന്തിമമായ അധികാരം ദൈവത്തിന്റെ കല്പനകൾക്കു കൊടുക്കണം. നാം ദൈവവ്യവസ്ഥ സ്വീകരിച്ചില്ലെങ്കിൽ നാം അതു എങ്ങനെയായാലും മറന്നുപോകും. അങ്ങനെ ചെയ്താൽ അതു ഒഴികഴിവായി കണക്കാക്കാൻ പ്രയാസമാണ്.

മൂന്നു വ്യത്യസ്ഥ വേദവാക്യങ്ങളിൽ ക്രിസ്ത്യാനി എന്ന നാമം പ്രതിപാദിച്ചിരിക്കുന്നതായി നമുക്കു കാണാൻ കഴിയും. അന്ത്യോക്യയിൽ വെച്ച് ശിഷ്യൻമാർക്ക് ആദ്യമായി ക്രിസ്ത്യാനികൾ എന്ന പേർ വിളിക്കപ്പെട്ടു (പ്രവൃത്തി 11:26). പിന്നീട് പൌലൊസ് അഗ്രിപ്പാ രാജാവിനോട് സംസാരിച്ചതിനെ പ്രതികരിച്ച് രാജാവ് പറഞ്ഞു, ''ഞാൻ ക്രിസ്ത്യാനിയായി തീരുവാൻ നീ എന്നെ അല്പം കൊണ്ടു സമ്മതിപ്പിക്കുന്നു'' എന്ന്, പത്രോസ് തന്റെ ലേഖനത്തിലും ഈ നാമത്തെ ഉയർത്തി കാണിക്കുന്നുണ്ട്. ''ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്, ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്'' (1 പത്രോസ് 4:16) യെശയ്യാ പ്രവാചകൻ ദൈവജനത്തെക്കുറിച്ച് പ്രവചിച്ച് അരുളി ചെയ്തതു ഇവിടെ ശ്രദ്ധിക്കേണ്ട ഒന്നാണ്, യഹോവയുടെ വായ് കല്പിക്കുന്ന പുതിയ പേർ നിനക്കു വിളിക്കപ്പെടും ''(യെശയ്യാവ് 62:2). വീണ്ടും നാം നോക്കുമ്പോൾ ക്രിസ്തുവിന്റെ നാമത്തിൽ മാത്രമേ രക്ഷയുള്ളു. മറെറാരു നാമവും രക്ഷിക്കപ്പെടുവാൻ നൽകിയിട്ടില്ല (പ്രവൃത്തി 4:12). വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ എന്തു ചെയ്യുന്നുവെങ്കിലും അതു ക്രിസ്തുവിന്റെ നാമത്തിലായിരിക്കണം എന്നതാണ് ദൈവ നിയമം (കൊലൊസ്യർ 3:17).

തന്റെ ജനം ധരിക്കണമെന്ന് കർത്താവ് ആഗ്രഹിച്ചതായ നാമം ഇതായിരുന്നു എന്നു വ്യക്തം. ക്രിസ്തുവിനെ പോലുള്ളവർ അഥവാ ക്രിസ്തുവിനെ അനുഗമിക്കുന്നവർ എന്ന അർത്ഥമാണ് ഇതിനുള്ളത്. ആ പേർ നാം സ്വീകരിക്കുന്നതിലൂടെ നാം അവനെ ആദരിക്കുക കൂടെയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള വീക്ഷണം സ്പഷ്ടമാക്കിയിരിക്കുമ്പോൾ, ഇതിനു പകരം മനുഷ്യനിർമ്മിതമായ മറ്റൊരു നാമം മുൻപിലോ പുറകിലോ ചേർത്താൽ അതെങ്ങനെ സ്വീകാര്യമാകും എന്നതാണ് മനസ്സിലാക്കാൻ പ്രയാസം. മനുഷ്യരെ ആദരിക്കുന്നതിന് മനുഷ്യരാൽ ഇട്ടിരിക്കുന്ന സമുദായങ്ങളുടെ പേരു ചേർത്ത് അറിയപ്പെടുന്ന രീതിയാണ് ഇന്നുള്ളത്. നാം അങ്ങനെ ആകാൻ പാടുള്ളതല്ല. അതൊന്നും സാരമില്ല. പേര് എന്തായാലെന്താ എന്നൊക്കെ ചോദിച്ചേക്കാം. ദൈവത്തിന് ഇഷ്ടമില്ലാത്ത പേരുകൾ എന്തിന് കുത്തിച്ചെലുത്തണമെന്നതാണ് ചോദ്യം. ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ച് തർക്കിച്ച് ന്യായീകരിക്കുന്ന പ്രവണത എന്തിന് ദൈവത്തോട്? ഇത്തരം വിശ്വാസങ്ങളും ആചാരങ്ങളും ദൈവേഷ്ടപ്രകാരമല്ലെങ്കിലും ആളുകൾ അതിനെ ന്യായീകരിക്കുകയാണ്. അതു സമയം പാഴാക്കലിലേ കലാശിക്കൂ.

തുടർന്ന്, ഒരാൾ ക്രിസ്ത്യാനിയായി തീരുവാൻ എന്തു ചെയ്യണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്? ഏതാനും നിബന്ധനകൾ തീർച്ചയായും കാണുന്നുണ്ട്. താൻ ക്രിസ്ത്യാനിയാണെന്നോ ക്രിസ്ത്യാനിയായി തീർന്നുവെന്നോ വെറുതെ പറയാൻ സാദ്ധ്യമല്ല. ഒരുവൻ ക്രിസ്ത്യാനിയായി തീരുവാൻ അവന് ക്രിസ്തുവിലുള്ള വിശ്വാസം മാത്രം പോരാ എന്ന വസ്തുത ഒരു പക്ഷേ നിങ്ങളെ വിസ്മയപ്പെടുത്തിയേക്കാം. അനേകം ആളുകൾ ക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിലും അവർ ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നില്ല. വാസ്തവത്തിൽ അവർ അല്ലതാനും. ഒരാൾ ക്രിസ്തുവിനെ തന്റെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചപ്പോൾ അയാൾ ക്രിസ്ത്യാനിയായി തീർന്നു എന്നു നിങ്ങൾ പറഞ്ഞേക്കാം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ക്രിസ്തു നിങ്ങളെ രക്ഷിച്ചിരിക്കുന്നതായി നിങ്ങളുടെ ഉള്ളിൽ ഒരു തോന്നൽ ഉണ്ടായാൽ രക്ഷിക്കപ്പെട്ടു. അതിനാൽ ക്രിസ്ത്യാനിയായി തീർന്നു എന്നു നിങ്ങൾ കരുതിയേക്കാം. അങ്ങനെ പറയുന്ന എന്റെ സ്നേഹിതരോട് എനിക്കു ചോദിക്കുവാനുള്ളതു ബൈബിളിൽ എവിടെയാണ് അത് പറയുന്നത്?

വചനം പരിശോധിക്കുവാനുള്ള സന്മനസ്സ് നിങ്ങൾ കാണിക്കുമെങ്കിൽ, തിരുവെഴുത്തിൽ നമ്മുടെ കർത്താവും ദൈവശ്വാസീയ

(ശേഷം 27-ാം പേജിൽ)

# ക്രിസ്തീയ ജീവിതത്തിൽ സ്ത്രീകൾക്കുള്ള പങ്ക്

സോണിയാ ഹെൻറി

പൗലോസ് അപ്പൊസ്തലൻ തിമൊഥെയോസിനും തീതോസിനും എഴുതിയ ലേഖനങ്ങളിൽ സ്ത്രീകളുടെ ജീവിതം ഏതു രീതിയിൽ ആയിരിക്കണമെന്ന് വളരെ വ്യക്തമായി പ്രതിപാദിക്കുന്നു. 'അവ്വണ്ണം സ്ത്രീകളും ഘനശാലികളായി, ഏഷണി പറയാതെ നിർമ്മദമാരും എല്ലാററിലും വിശ്വസ്തമാരും ആയിരിക്കേണം (1 തിമൊഥെയോസ് 3;11). വൃദ്ധമാരും അങ്ങനെ തന്നേ നടപ്പിൽ പവിത്രയോഗ്യരും ഏഷണി പറയാത്തവരും. വീഞ്ഞിനു അടിമപ്പെടാത്തവരുമായിരിക്കേണം എന്നും ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിനു യൌവനക്കാരികളെ ഭർത്തൃപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാരും നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക (തീതൊസ് 2:3-5). സ്വഭാവ വിശുദ്ധി ക്രിസ്തീയ സ്ത്രീകളിൽ നിലനിർത്തുവാൻ ഓരോരുത്തരും സൂക്ഷിക്കണം.

നമ്മുടെ നാവിന്റെ പ്രയോഗങ്ങൾ എല്ലായ്പോഴും ക്രിസ്തീയ പക്വതയെ അളക്കാൻ പോന്ന വിധത്തിലായിരിക്കണം. നാവിനെ നമുക്കു നിയന്ത്രിക്കാൻ കഴിയുകയാണെങ്കിൽ നമ്മെത്തന്നെ നിയന്ത്രിക്കാൻ പ്രയാസമുണ്ടാകയില്ല, നാവ് നമ്മുടെ ശരീരത്തിലെ ഒരു ചെറിയ അവയവമാണെങ്കിലും ഒരു പെറിയ തീപ്പൊരിക്കു കാടിനെ കത്തിക്കാനുള്ള കഴിവ് ഉള്ളതുപോലെ നാവിനു അതിവേഗത്തിൽ ഒരാളെ നശിപ്പിക്കാൻ കഴിയും.'' മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഇവ എല്ലാം മനുഷ്യജാതിയോടു മെരുങ്ങുന്നു. മെരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്ക് ആർക്കും മെരുക്കാവുന്നതല്ല. അതു അടങ്ങാത്ത ദോഷം. മരണകരമായ വിഷം നിറഞ്ഞതു (യാക്കോബ് 3;7-8). സ്വന്ത കഴിവ് ഉപയോഗിച്ച് നമുക്ക് ആർക്കും നമ്മുടെ നാവിനെ ഒതുക്കാൻ സാദ്ധ്യമല്ല. ദൈവവചനത്തിനു കീഴ്പെട്ട് ' പ്രാർത്ഥനയോടെ സാത്താന്റെ പ്രേരണകളെ ചെറുത്തു വിവേകപൂർവം സംസാരിക്കാൻ നമുക്കു കഴിയും. അതു ദൈവസഹായത്താൽ ലഭിക്കുന്നു.

നാം എല്ലാററിലും വിശ്വസ്തരായിരിക്കണം. വിശ്വസ്തത ദൈവത്തോടും സഹ സഹോദരങ്ങളോടും പുലർത്തുമ്പോൾ നാം ക്രിസ്തീയ പക്വതയിലേക്കു വരുന്നു എന്നർത്ഥം. നമ്മുടെ അശ്രദ്ധ മൂലം വിശ്വാസ യോഗ്യത നഷ്ടമായാൽ അക്കാര്യം ദൈവത്തോടും അവന്റെ സഭയോടും തുറന്നു സമ്മതിച്ചു വീണ്ടും വിശ്വസ്തരായിരിക്കാനുള്ള മനോഭാവം നമ്മിൽ ഉണ്ടാകണം. പിന്നീട് അതു ആവർത്തിക്കരുതു. വിശ്വസ്തത നഷ്ടമായാൽ ദൈവ നിർദ്ദേശ പ്രകാരം നാം ജീവിക്കുവാൻ തുടങ്ങുമ്പോൾ ദൈവം നമ്മെ കൈക്കൊള്ളും. ഒരിക്കലും നിരാശരാകരുത്. അതിലുപരി തെററിനെ ഒരിക്കലും ന്യായീകരിക്കാൻ ശ്രമിക്കരുത്. നമ്മുടെ തെററുകൾക്കു നാം മററുള്ളവരെ കുററപ്പെടുത്തുന്ന പ്രവണത ഉപേക്ഷിക്കണം. തുല്യ ആത്മീയ ജീവിതം നയിക്കുന്നവരുമായി കാര്യങ്ങൾ സംസാരിക്കുന്നതും അഭിപ്രായങ്ങൾ ആരായുന്നതും നല്ലതാണ്.

ക്രിസ്തീയ പക്വതയിലേക്കു സ്ത്രീകൾ ഉയരുവാനുള്ള ഉപാധിയാണ് വചനം. ആ വചനത്തിലുള്ള പരിജ്ഞാനം. നമ്മുടെ ദൈനന്തിന ജീവിതത്തിൽ കൂടിയേ തീരൂ. മററുള്ളവരെ നന്മയെന്തെന്നു പഠിപ്പിക്കുവാനും കാണിപ്പാനും ആദ്യം നാം അതു ശരിയായി പഠിച്ചിരിക്കണം. വാക്ചാതുര്യത്തിനോ തർക്കവിതർക്കങ്ങൾക്കോ വേണ്ടി ആകരുത്, പരിജ്ഞാന പ്രകാരം ജീവിപ്പാൻ നാം കടമപ്പെട്ടവരാണ്. ദൈവം നമ്മോടു പറഞ്ഞിരിക്കുന്നത്, 'നിന്നെത്തന്നേയും ഉപദേശത്തേയും സൂക്ഷിച്ചുകൊൾക, ഇതിൽ ഉറെച്ചു നില്ക്ക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരേയും രക്ഷിക്കും ('1 തിമൊഥെയോസ് 4:16) നാം മററുള്ളവരെ പഠിപ്പിക്കേണ്ടവരാണ്. അതേ സമയം നാം സൂക്ഷിക്കേണ്ട കാര്യം കൂടെ ഓർമ്മിപ്പിക്കുന്നു. ആരും നിന്റെ യൌവനം തുച്ഛീകരിക്കരുത്, വാക്കിലും നടപ്പിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക (1 തിമൊഥെയോസ് 4:12). നല്ല ഇടയനായ യേശുക്രിസ്തു നമുക്ക് ഒരു ഉത്തമോദാഹരണമാണ്.

ഭാര്യമാർ ഭർത്താക്കന്മാരെ ബഹുമാനിച്ച് കീഴ്പ്പെട്ട്, അനുസരിച്ച് കഴിയേണ്ടവരാണ്. അതു നമ്മുടെ മനസ്സിന്റെയും ആത്മാവിന്റെയും ഉൾക്കാഴ്ചകളെ വർദ്ധിപ്പിക്കും. ഈ സ്വഭാവങ്ങളെല്ലാം തന്നെ സ്നേഹത്തിൽ നിന്നും ഉടലെടുക്കുന്നവയാണ്. നല്ല ഒരാശ്രയവും സുരക്ഷിതത്വവും ഇതിന്റെ അനന്തര ഫലമായി നമുക്ക് അനുഭവിക്കാം. പ്രശ്നങ്ങൾ ഉണ്ടായെന്നു വരാം അവ തുറന്നു പറയുവാൻ നാം മടിക്കരുത്. ഒന്നും ഭർത്താവിൽ നിന്നും മറച്ചു പിടിക്കരുതു് എന്നർത്ഥം. അതുപോലെ തന്നെ ആവശ്യങ്ങളും പറയണം. അറിഞ്ഞു ചെയ്യട്ടെ എന്നു വിചാരിച്ചാൽ കുററം നമ്മുടേതായി മാറും. "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ, അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മ

ലമർയ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും (1 പത്രൊസ് 3:1).

മക്കളോടും നമുക്കുള്ള കടമകൾ നാം മറക്കരുത്. ഭർത്താക്കന്മാരോടുള്ള വിദ്വേഷം ചില സ്ത്രീകൾ അവരുടെ മക്കളോടു പ്രകടിപ്പിക്കാറുണ്ട്. അതു നികൃഷ്ടമാണ്. മക്കളെ പ്രസവിക്കുന്ന സ്ത്രീ അമ്മയായി മാറുകയും ഉത്തരവാദിത്വം വർദ്ധിക്കുകയും ചെയ്യുന്നു. മക്കൾ ദൈവം തരുന്ന ദാനമാണ്. പക്വമതിയും സത്ഗുണപൂർണ്ണയും ആകുവാൻ ദൈവ പദ്ധതി ഇപ്രകാരം രൂപപ്പെടുത്തിയിരിക്കുന്നു.

സ്ത്രീകൾ ആത്മനിയന്ത്രണം ഉള്ളവരായിരിക്കണം. വസ്ത്രാലങ്കാരത്തിലൂടെയോ ആഡംബര ജീവിതത്തിലൂടെയോ അല്ല സ്ത്രീകൾ തങ്ങളുടെ മാഹാത്മ്യത്തെ കാണിക്കേണ്ടതു., മറിച്ച് നമ്മുടെ ദൈവീക സ്വഭാവമേന്മയിലായിരിക്കണം. മാനസികവും ശാരീരികവുമായി പാതിവ്രത്യം കാത്തു സൂക്ഷിക്കണം. മററുള്ളവരാൽ അപവാദം പറയുവാൻ ഇടകൊടുക്കാത്ത രീതിയിൽ വേണം വസ്ത്രധാരണം നടത്തുവാൻ. പുരുഷന്മാരുമായി നാം ഇട പഴകുമ്പോൾ നമ്മുടെ നിലപാടും ശുദ്ധമായിരിക്കണം.

ദൈവേച്ഛയിൽ ജീവിക്കാനാഗ്രഹിക്കുന്ന വിവാഹിതയായ സ്ത്രീ തന്റെ വീട്ടു കാര്യങ്ങൾക്കു മുൻഗണന കൊടുക്കണം. ഭർത്താവ് കുടുംബ ചെലവുകൾക്കു വക ഉണ്ടാക്കിക്കൊണ്ടു വരുമ്പോൾ ഭാര്യ വീട്ടിലുള്ള കാര്യങ്ങൾ എല്ലാം ഭംഗിയായി നടത്തണം. അതിൽ ഒന്നിലും വീഴ്ച്ച വരുത്തരുതു. നല്ലൊരു ഭാര്യയും അമ്മയും ആയിരിക്കണം എന്നു പറയുമ്പോൾ കടമകൾ നിർവ്വഹിക്കുകയും അവസരങ്ങൾ യഥോചിതം ഉപയോഗപ്പെടുത്തുകയും വേണം എന്നർത്ഥം. ക്രിസ്തീയ സ്ത്രീകൾ അതിഥി സല്ക്കാര പ്രിയമാർ ആയിരിക്കേണം. ബൈബിളിൽ നാം പഠിക്കുന്നതു അതിഥി സല്ക്കാരം ക്രിസ്തീയ സ്വഭാവമാണെന്നാണ് (റോമർ 12:13 എബ്രായർ 13;1) ഈ ഗുണം എല്ലാ സ്ത്രീകളിലുമുണ്ടെങ്കിൽ എത്ര നന്നായിരുന്നേനേ!

സ്ത്രീകൾ ദയാലുക്കളായിരിക്കണം. കഷ്ടതയും ദുരിതവും അനുഭവിക്കുന്നവർക്ക് വേണ്ടിയായിരിക്കണം നാം ദയവു കാണിക്കേണ്ടത്. ക്രിസ്ത്യാനികളോടും അല്ലാത്തവരോടും നാം ദയവുള്ളവരായിരിക്കണം. വാക്കുകളാലും പ്രവൃത്തികളാലും നമുക്ക് മററുള്ളവരോട് ദയവു കാണിപ്പാൻ കഴിയും. ആശ്വാസവാക്കുകൾ ദയവിന്റെ ലക്ഷണമാണ്. അത് വെറും സംസാരത്തിലോ വാക്കുകളിലോ മാത്രം ഒതുങ്ങി നില്ക്കരുത്. "ഒരു സഹോദരനോ, സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട് സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷക്കു

ആവശ്യമുള്ളതു അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരമെന്ത്? (യാക്കോബ് 2;15,16). നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല. സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കണം; അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നേ അലങ്കരിച്ച് ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നത് (1 പത്രൊസ് 3:3–5).

ആഭരണങ്ങൾ ഉപയോഗിക്കരുതെന്നോ തലമുടി പിന്നരുതെന്നോ, വസ്ത്രം ധരിക്കരുതെന്നോ ഒന്നും അവിടെ പറഞ്ഞിട്ടില്ല. സ്ത്രീ തന്റെ ശരീരത്തെ വൃത്തിയായും ഭംഗിയായും സൂക്ഷിക്കണം. പ്രാധാന്യം ആന്തരിക അലങ്കാരത്തിനായിരിക്കണം. ഭർത്താവുള്ള സ്ത്രീ തന്റെ ഭർത്താവിനെയായിരിക്കണം ആസ്വദിപ്പിക്കേണ്ടത്. മറ്റുള്ളവരിൽ ദുഷിച്ച പ്രവണതകൾ ജ്വലിപ്പിക്കുന്ന രീതിയിൽ ആകരുത്. അകമെയുള്ള സൗന്ദര്യമാണ് ബാഹ്യമായ പെരുമാററത്തിലും ജീവിതരീതിയിലും കാണപ്പെടുന്നതു. സൌമ്യത നമ്മിൽ ഉണ്ടെങ്കിൽ നാം യേശുക്രിസ്തുവിന്റെ ഉപദേശപ്രകാരം ജീവിക്കുന്നവരായിരിക്കും.

ദൈവസഭയിലും വചന പ്രകാരമുള്ള ജീവിതത്തിലും നാം സന്തുഷ്ടരാകണം. അതിൽ നമുക്കെന്തെല്ലാം ചെയ്‌വാൻ കഴിയും എന്നതു മനസ്സിലാക്കി പ്രവർത്തിക്കുകയാണ് നാം ചെയ്യേണ്ടത്.

# ഏഴ് സഭകൾക്കുള്ള ദൂത്

## എം. എസ് ജോൺ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച).

ഏഴു പൊൻ നിലവിളക്കുകൾ ലോകത്തിലുള്ള സർവ്വസഭകളേയും അതായത് വചനാനുസരണമായ ക്രിസ്തുവിന്റെ സഭയെന്നു ഇതിൽ അർത്ഥമാക്കാം. ഭൂമിയിലുള്ള സർവ്വസഭകളുടേയും നടുവിൽ നടക്കുന്ന കർത്താവ്, തന്റെ ദൃഷ്ടിയിൽ സകലതും നഗ്നവും മലർന്നതുമായി കാണുന്നു. അവൻ സഭകളിലെ സകല പ്രവർത്തനങ്ങളും അവയുടെ നന്മയും തിന്മയും കാണുകയും അറികയും ചെയ്യുന്നു. ഇന്നത്തെ സഭകളിൽ ഒളിവിലും മറവിലും ഉള്ള സകല രഹസ്യങ്ങളെയും കർത്താവ് കണ്ടുപിടിക്കുന്നു. ക്രിസ്തീയ സമുദായ സംഘ

(ശേഷം 23-ാം പേജിൽ)

# ‘വീക്ഷാഗോപുരത്തിലെ യഹോവ’
## (Jehovah of the watch Tower)

### സാജു ജോർജ്

കഴിഞ്ഞ രണ്ടു ലേഖനങ്ങളിൽ ചരിത്രം, അധികാരത്തിന്റെ ഉറവിടം ഇവ നാം ചുരുക്കമായി, കണ്ടുകഴിഞ്ഞല്ലോ. ഈ ഭാഗത്തിൽ നാം പഠിക്കുവാൻ ആരംഭിക്കുന്നത്. ‘ത്രിത്വവും ക്രിസ്തുവിന്റെ ദൈവീകതാവും’ എന്ന വിഷയമാണ്. (The Trinity and the Deity of Christ).

തിരുവെഴുത്തുകളിലെ അതിപ്രധാനമായ ഒരു ഉപദേശമാണ് ത്രിയേക ദൈവീകത്വം. ((triune Godhead)-'Tes Theotetos.' അഥവാ ദൈവത്തിന്റെ പ്രകൃതി. (nature of God).

‘ത്രിത്വം’ എന്ന വാക്ക് ബൈബിളിൽ പറഞ്ഞിട്ടില്ല എന്ന് യഹോവ സാക്ഷികൾ അവകാശപ്പെടുന്നു. അതുകൊണ്ടു അവർ ശക്തിയുക്തം ത്രിയേക വിശ്വാസത്തെ തള്ളി കളയുന്നു. മനുഷ്യരാൽ സൃഷ്ടിക്കപ്പെട്ടതാണ് ഈ ഉപദേശം എന്ന് അവർ പ്രഖ്യാപിക്കുകയും ചെയ്യുന്നു. പക്ഷേ അവർ മറ്റൊരുകാര്യം മറന്നുപോകുന്നു. യഥാർത്ഥ ദൈവ നാമം എന്ന് അവർ അവകാശപ്പെടുന്ന ’യഹോവ’ (Jehovah)എന്ന വാക്ക് അതേ അർത്ഥത്തിലുംരൂപത്തിലും തിരുവെഴുത്തുകളുടെ മൂല ഭാഷയിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതു തന്നെ. എബ്രായ ഭാഷയിലെ വ്യഞ്ജന അക്ഷരങ്ങളിലൂടെ (Consonants) നല്കപ്പെട്ട YHWH or YHVH എന്ന പദത്തിന് Jehovah (യഹോവ) എന്ന അർത്ഥം അല്ലെങ്കിൽ ഉച്ചാരണം നല്കുകയാണ് ചെയ്തത്. ഈ സംഘടന പ്രസിദ്ധീകരിച്ച അവരുടേതു മാത്രമായ ബൈബിളിൽ പുതിയ നിയമ ഭാഗങ്ങളിലും അവർ യഹോവ എന്ന പ്രയോഗം ഉൾക്കൊള്ളിച്ചു. അതിന് അവർ പറയുന്ന വിശദീകരണം ഇങ്ങനെയാണ്. "Tha evidence is, therefore, that the original text of the Christian Greek Scriptures has been tampered with, the same as the text of the LXX (Septuagint- പഴയ നിയമത്തിന്റെ യവന പരിഭാഷ) has been. And at least from the third century AD on ward the divine name in tetragammation (നാലു അക്ഷരങ്ങളുള്ള പദപ്രയോഗം - ചതുരക്ഷരി) form has been eliminated from the text by copyists .... in the place of it they Substituted the words, ‘kyros’ (usually translated ‘The Lord) (and ‘theos’ meaning ‘God’ (New world Traslation. P, 18,).

ഈ പ്രയോഗം ന്യായീകരിക്കുന്നതിനുവേണ്ടി അവർ ഉപയോഗിക്കുന്ന തെളിവുകൾ ഇവയാണ്- അടുത്തിടെ കണ്ടു കിട്ടിയ ഒരു പാപ്പിറസ് ചുരുൾ (Papyrus roll) ആവർത്തന പുസ്തകത്തിന്റെ

പകുതി പുസ്തകങ്ങ (രണ്ടാംപകുതി)ളുടെ Lxx കോപ്പിയായിരുന്നു അത്. ഈ ഭാഗത്തിൽ ചതുരക്ഷരി പ്രയോഗം (YHWH) കാണുന്നു. കൂടാതെ അവരുടെ ന്യായീകരണത്തിന് ഉപയോഗിക്കുന്നത്. Aquila (അഖ്വില) AD. 128 Origin (ഒറിജിൻ) എന്നിവരുടെ എഴുത്തുകളിൽ തർജ്ജിമകളിൽ ഈ പ്രയോഗം ഉപയോഗിച്ചിരിക്കുന്നു എന്നതാണ്. കൂടാതെ ആദിമ നൂററാണ്ടിൽ Jerome (ജെറോം) -ം ഈ രീതി പിന്തുടർന്നു എന്ന് വാദിക്കുന്നു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ അവർ സ്ഥാപിക്കുന്നതിങ്ങനെയാണു. "It proves that the original LXX did contain the divine name wherever it occured in the Hebrew original, Considering it a Sacrilege to use some Substitute such as'Kyrios' or 'theos', the Scribes inserted the tetragammation at its proper place in the Greek version text" (NWT page 12). ചുരുക്കത്തിൽ അവർ ഇങ്ങനെ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നത് ഇതാണ്, യഥാർത്ഥ LXX-ലും പുതിയ നിയമ എഴുത്തുകളിലും ഈ ചതുരക്ഷരി പ്രയോഗം ഉണ്ടായിരുന്നുവെന്നും മനുഷ്യരാൽ ഇവ് മാററപ്പെട്ടു എന്നുമാണ്. അതുകൊണ്ട് അവരുടേതായ ഉത്തരവാദിത്വമാണ് YHWH അല്ലെങ്കിൽ അതിന്റെ ഉച്ചാരണമായ 'യഹോവ' എന്ന നാമം പുന:സ്ഥാപിക്കുക എന്നത്. ഈ വാദങ്ങം കൈയ്യെഴുത്തു പ്രതികളുടെ ചരിത്രങ്ങളും, തെളിവുകളും മററും അറിയാത്ത സാധാരണ മനുഷ്യരെ എളുപ്പത്തിൽ വെട്ടിൽ വീഴ്ത്തുന്നു.

സത്യം അറിയേണ്ടത് എല്ലാവരുടേയും ആവശ്യമാണ്. ഈ സംഘടനയുടെ തെററിദ്ധരിപ്പിക്കുന്ന ഈ പ്രയോഗം പരിശോധിക്കേണ്ടത് ആവശ്യമായിരിക്കുന്നു. ആയിരക്കണക്കിന് പുതിയ നിയമത്തിന്റെ യവന കൈയ്യെഴുത്തു പ്രതികം പരിശോധിക്കുമ്പോരം അവയിൽ ഒന്നിൽപ്പോലും ഈ പ്രയോഗം കാണുവാൻ കഴിയുന്നില്ല. എബ്രായഭാഷയിലോ, അരാമിയ (Aramaic) ഭാഷയിലോ എഴുതപ്പെട്ട മത്തായിയുടെ സുവിശേഷത്തിൽ തീർച്ചയായും YHWH എന്ന ദൈവനാമം ഉണ്ടായിരിക്കേണ്ടതാണ്. പക്ഷേ ഈ സുവിശേഷത്തിൽ അപ്രകാരം കാണുന്നില്ല. ആവർത്തന പുസ്തകത്തിലെ പകുതിഭാഗത്തു കാണുന്ന ഈ പ്രയോഗം (ഒരു കോപ്പിയിൽ മാത്രം) ഒരിക്കലും അവരുടെ വാദത്തെ ന്യായീകരിക്കുന്നില്ല. കാരണം മറെറല്ലാ തിരുവെഴുത്തുകളുടെ കൈയ്യെഴുത്തു പ്രതികളുടെ കോപ്പികളിൽ ഒന്നിൽപ്പോലും അങ്ങനെ രേഖപ്പെടുത്തിയിട്ടില്ല എന്നതു തന്നെ. അവിടെയെല്ലാം Kyrios അല്ലെങ്കിൽ theos എന്ന പ്രയോഗമാണ് ഉള്ളത്. യഹോവസാക്ഷികം അതിനെ പകരം (substiute) എന്നാണ് വിളിക്കുന്നത്. അഖ്വില(Aquila AD 128), ഒറിജിൻ, ജെറോം എന്നിവരുടെ എഴുത്തുകളിൽ ഈ ചതുരക്ഷരി പ്രയോഗം ഉള്ളതുകൊണ്ട്, ദൈവവചനത്തിൽ അവ ഉരംപ്പെടുത്തുന്നു എന്നത് ഒരിക്കലും ന്യായമല്ല. കൂടാതെ അവർ എപ്പോഴും

ഈ പ്രയോഗം ഉപയോഗിച്ചിരുന്നു എന്നും പറയുവാൻ കഴിയുക യില്ല. ഈ സംഘടന ഇപ്രകാരം ഈ പ്രയോഗം തിരുവെഴുത്തുകളിൽ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന 19 ഉറവിടങ്ങളും (Sources)- (NWT.pp-30-33) ഗ്രീക്കുഭാഷയിൽ നിന്നും എബ്രായ ഭാഷയിലേയ്ക്കുള്ള തർജ്ജിമകളാണ്. ഈ ഗ്രീക്കു ഭാഷയിലെ ഗ്രന്ഥത്തിൽ kyrios, theos എന്ന പ്രയോഗമാണ് കാണുന്നത് അല്ലാതെ YHWH എന്ന ചതുരക്ഷരി പ്രയോഗമല്ല. ഇവയിൽ ഏറ്റവും പഴക്കം ചെന്ന പരിഭാഷ AD 1385 ലേതുമാത്രമാണ്. ആയതിനാൽ അവരുടെ ഇത്തരത്തിലുള്ള പ്രയോഗരീതിയ്ക്ക് യാതൊരു സത്യസന്ധമായ അടിസ്ഥാനവുമില്ലാതായിരിക്കുന്നു.

ആരും 'യഹോവ' എന്ന നാമം ഉപയോഗിക്കുന്നതിനെ എതിർക്കുന്നില്ല. പക്ഷേ എബ്രായ വ്യഞ്ജന അക്ഷരങ്ങളുടെ (YHWH) ശരിയായ ഉച്ചാരണം വ്യക്തമല്ലാത്തതിനാലും ഈ അക്ഷരങ്ങളുടെ ഇടയിൽ vowels (ജീവാക്ഷരങ്ങളോ അല്ലെങ്കിൽസ്വരശബ്ദങ്ങളോ)ഇല്ലാത്തതിനാലും YHWH എന്ന പ്രയോഗം 'യഹോവ' എന്ന പ്രയോഗത്തിൽ എത്തിച്ചേരുകയാണുണ്ടായത്. പഴയ നിയമ തിരുവെഴുത്തുകളിലെ എബ്രായപദമായ YHWH എന്ന ചതുരക്ഷരി പ്രയോഗം തർജ്ജിമകളിൽ Jehovah(യഹോവ) yahweh(യാഹ്വെ) എന്നായത് മനസ്സിലാക്കാം. കാരണം എബ്രായ പദം അതേപോലെ ഉച്ചരിക്കുവാൻ അസാദ്ധ്യമായതിനാൽ പക്ഷേ watch Tower Society അതിലുമപ്പുറം കടന്ന് മൂലഭാഷയായ ഗ്രീക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഈ പ്രയോഗം അവരുടെ പുതിയ നിയമ ഭാഗങ്ങളിൽ 237 പ്രാവശ്യം അച്ചടിച്ചു വച്ചിരിക്കുന്നു.

Trinity (ത്രിത്വം) എന്ന വാക്ക് തിരുവെഴുത്തുകളിൽ ഉള്ളതല്ല എന്ന അവരുടെ നിഷേധത്തിനുള്ള മറുപടിയായാണല്ലോ നാം ഈ കാര്യം ചിന്തിച്ചത്. 'യഹോവ' എന്ന നാമം മാത്രം ഉച്ചരിക്കുന്ന അവരുടെ നിലനില്പും അടിസ്ഥാനവും എത്രമാത്രം ബലഹീനമാണെന്ന് നാം മനസ്സിലാക്കി കഴിഞ്ഞു. യഹോവ എന്നു പറയേണ്ടതിനു പകരം അവർ തിരുവെഴുത്തുകളോടും സത്യസന്ധത ഉള്ളവരാണെങ്കിൽ എന്തുകൊണ്ടും YHWH witnesses' എന്നുപറയുന്നില്ല!

## ത്രിത്വവും യേശുക്രിസ്തുവിന്റെ ദൈവികത്വവും

ക്രിസ്തീയ ശുശ്രൂഷകന്മാരും,. ക്രിസ്ത്യാനികളും 'മൂന്നു ദൈവങ്ങളോ ഒന്നായിരിക്കുന്നു' (Three gods in one) എന്ന് വിശ്വസിക്കുന്നില്ല. പക്ഷേ അവർ വിശ്വസിക്കുന്നത് ഒരേ തത്വം അല്ലെങ്കിൽ സാരാംശമുള്ള (Same substance), സമാന പദവിയുള്ള (Co-equal), സഹവർത്തിയായ Co-existent) ഒരേപോലെ എന്നെന്നും

നില നില്ക്കുന്ന (co-eternal), ഒരിക്കലും മാററാനോ നീക്കുവാനോ കഴിയാത്ത (immutable for ever) മൂന്നു വ്യക്തികളുടെ സാന്നിദ്ധ്യമാണ്. ഇപ്രകാരമായ വിശ്വാസത്തിന് ആവശ്യമായ തെളിവുകൾ തിരുവെഴുത്തുകളിൽ വളരെ കാണുന്നു. ദിവ്യത്വത്തിലെ ബഹുത്വം (Plurality in the Godhead) വളരെ ശക്തമായി തന്നെ തിരുവെഴുത്തുകളിൽ ഉള്ളതായി കാണുവാൻ കഴിയുന്നു; ത്രിത്വം എന്ന പ്രയോഗം നേരിട്ട് നല്കുന്നില്ല എങ്കിലും.

**ഉല്പത്തി 1:26.** സൃഷ്ടിയെക്കുറിച്ച് യഹോവ സംസാരിക്കുന്നു. ബഹുവചന പ്രയോഗമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് "അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" ദൈവം തന്റെയും മാലാഖമാരുടെയും സാദൃശ്യത്തിലല്ല മനുഷ്യനെ സൃഷ്ടിച്ചത്. മാലാഖമാരോടല്ല ദൈവം സംസാരിക്കുന്നത്. എങ്കിൽ പിന്നെ ആരോടാണ്, ആരെ ഉദ്ദേശിച്ചാണ് നാം നമ്മുടെ എന്ന് പറയുന്നത്? തന്നോടൊപ്പം തുല്യ, സാരാംശമുള്ള പുത്രനോടും പരിശുദ്ധാത്മാവിനോടുമല്ലെങ്കിൽ ഇത്രമാത്രം ഐക്യതയുടെയും സഹവർത്തിത്വത്തിന്റെയും ഭാഷയിൽ ദൈവത്തിനു ആരോടാണ് സംസാരിക്കുവാൻ കഴിയുക. യെശയ്യാവ് 43:10-11-ൽ "എനിക്കു മുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല, എന്റെ ശേഷം ഉണ്ടാകയുമില്ല..." എന്ന് വ്യക്തമാണ്. ആയതിനാൽ യഹോവ സാക്ഷിക്കാർ പറയുന്നതു പോലെ 'ചെറിയ ദൈവം' (a lesser mighty god) എന്ന വിശേഷണം ക്രിസ്തുവിന്റെ ദൈവികത്വത്തേയും പിതാവിനോടുള്ള തുല്യപദവിയേയും മനസ്സിലാക്കാത്തതിനാലാണ് ബഹുത്വത്തിന്റേയും, സാരാംശത്തിന്റെയും ഐക്യത (Unity in Plurality and Substance) യുടെ വലിയ ഒരു തെളിവാണ്. ഈ ഭാഗം. ഉല്പത്തി 11;7-ബാബേൽ ഗോപുരനിർമ്മാണ സമയത്ത് ദൈവം അരുളിച്ചെയ്ത വാക്കുകൾ ശ്രദ്ധിക്കുക "വരുവിൻ; നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കി കളക...." യെശയ്യാവ് 6:8-ൽ "അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും?"

ബഹുത്വത്തെ (ഒന്നിലധികം) സൂചിപ്പിക്കുന്ന ഈ ഭാഗങ്ങൾ അകർത്തക (impersonal-വ്യക്തിത്വമില്ലാത്ത) ബന്ധത്തെക്കാളുപരി പുതിയ നിയമ ഭാഗത്തിൽ വികസിപ്പിച്ച ഏക ദൈവത്തിലുള്ള ത്രിത്വഭാവത്തെയാണ് (tri-unity in the one God) സൂചിപ്പിക്കുന്നത്.

തെർത്തുല്യനും (Tertullian) തിയോഫിലസു (Theophilus) മറ്റുമാണു, ഇപ്രകാരമുള്ള ത്രിത്വഭാവത്തോടുകൂടിയ ഏകദൈവവിശ്വാസം

(ശേഷം 22-ാം പേജിൽ)

# കയീൻ

ജെ. ഫ്രാൻസിസ്

(കഴിഞ്ഞലക്കം തുടർച്ച)

## V അബ്രഹാം

ശേമിന്റെവംശപാരമ്പര്യത്തിൽപ്പെട്ട തേരഹ്, അബ്രാം, നാഹോർ ഹാരാൻ എന്നീ പുത്രന്മാർക്കു ജന്മം നൽകി (11;26). ഹാരാൻ ലോത്തിനെ ജനിപ്പിച്ചു. തന്റെ ജന്മദേശമായ ഊരിൽ വച്ചു ഹാരാൻ തേരഹിനു മുമ്പായി മരിച്ചുപോയി. അബ്രാം സാറായിയേയും നാഹോർ മിൽക്കായേയും ഭാര്യമാരായി സ്വീകരിച്ചു. സാറായി മച്ചിയായിരുന്നു. തേരഹ് അബ്രാമിനെയും, ലോത്തിനേയും സാറായിയേയും കൂട്ടി ഊരിൽ നിന്നു കാനാൻ ദേശത്തേക്കു പുറപ്പെട്ടു. എന്നാൽ ഹാരാനിൽ വച്ചു തേരഹ് മരിച്ചുപോയി. (11.27-32)

എന്നാൽ യഹോവ കല്പിച്ച പ്രകാരം അബ്രാം ലോത്തിനോടും സാറായിയോടുംകൂടി കാനാൻ ദേശത്തേക്കു പുറപ്പെട്ടു. തങ്ങൾ ഉണ്ടാക്കിയ സമ്പത്തും സമ്പാദിച്ച ആളുകളും അവരോടൊപ്പം ഉണ്ടായിരുന്നു. അവർ അവസാനം കാനാൻ ദേശത്തു എത്തി. അപ്പോൾ ദൈവം അവനു പ്രത്യക്ഷനായി നിന്റെ സന്തതിക്കു ഈ ദേശം കൊടുക്കുമെന്നു അരുളിച്ചെയ്തു. ആ സ്ഥലത്ത് ഒരു യാഗ പീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധന നടത്തി (12:1-9).

തങ്ങൾ താമസിച്ചിരുന്ന ദേശത്തു ക്ഷാമം അതികഠിനമായി അതിനാൽ അവർ മിസ്രയീമിലേക്കുപോയി. അവർ സ്ഥലം എത്താറായപ്പോൾ അവൻതന്റെ ഭാര്യ സാറായിയോടു പറഞ്ഞു. നീ സൗന്ദര്യമുള്ള സ്ത്രീയാണ്. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ ഇവൾ എന്റെ ഭാര്യയെന്നു പറഞ്ഞു എന്നെ കൊല്ലുകയും, നിന്നെ ജീവനോടു രക്ഷിക്കുകയും ചെയ്യും. അതുകൊണ്ടു നീ എന്റെ സഹോദരിയെന്നു പറയണം. അതുനിമിത്തം എനിക്കു നന്മ വരുകയും ഞാൻ ജീവിച്ചിരിക്കുകയും ചെയ്യും. അവൾ അതു സമ്മതിക്കുകയും ചെയ്തു. അവർ മിസ്രയീമിൽ എത്തിയപ്പോൾ സാറായി അതിവസുന്ദരിയെന്നു മിസ്രയീമ്യർ കണ്ടു. ഇതു ഫറവോൻ അറിഞ്ഞു സാറായിയെ അരമനയിൽ വരുത്തുകയും ചെയ്തു. ഇതു നിമിത്തം യഹോവ ഫറവോനെയും കുടുംബത്തെയും ദണ്ഡിപ്പിച്ചു. സാറായി അബ്രാമിന്റെഭാര്യയാണെന്ന സത്യം മനസ്സിലാക്കുവാൻ ഇതു ഫറവോനെ സഹായിച്ചു. അവളെ അവനു തിരികെ നൽകി അവരെ അവിടെ നിന്നും പറഞ്ഞയച്ചു (12;10-20).

അബ്രാമും സാറായിയും ലോത്തും അവിടെനിന്നും അവർക്കുള്ളതൊക്കെയുമായി പുറപ്പെട്ടു. അവർ തെക്കെ ദേശത്തു വന്നു താമസി

ച്ചു. അബ്രാമിനും ലോത്തിനും സമ്പത്ത് ധാരാളം ഉണ്ടായിരുന്നു. അതിനാൽ അവർക്കു ഒന്നിച്ചു താമസിക്കുവാൻ കഴിഞ്ഞില്ല. അബ്രാമിന്റെ ഇഷ്ടപ്രകാരം ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശം തിരഞ്ഞെടുത്തു താമസിച്ചു. അബ്രാം കനാൻ ദേശത്തു വസിച്ചു (13:1-18).

അങ്ങനെയിരിക്കെ ഒരിക്കൽ ശീനാർ രാജാവായ അമ്രാഫെൽ, എലാസർ രാജാവായ അര്യോർക്ക്, ഏലാം രാജാവായ കെദൊർലായോമെർ, ജാതികളുടെ രാജാവായ തീദാൽ എന്നീ നാലു രാജാക്കന്മാർ സൊദോം രാജാവായ ബേരാ, ഗൊമോരാ രാജാവായ ബിർശാ, ആദ്മാരാജാവായ ശിനാബ്, സെബോയീം രാജാവായ ശെമേബെർ, ബേല രാജാവായ സോവർ എന്നീ അഞ്ചു രാജാക്കന്മാരോടു യുദ്ധം ചെയ്തു. ഈ അഞ്ചു രാജാക്കന്മാരും പരാജയപ്പെട്ടു ഭയന്നു ഓടിപ്പോയി. സൊദോമിലും ഗൊമോരയിലും ഉണ്ടായിരുന്ന സമ്പത്തുകളും ഭക്ഷണസാധനങ്ങളും മുഴുവനായി അവർ എടുത്തുകൊണ്ടുപോയി. കൂട്ടത്തിൽ ലോത്തിനെ അവന്റെ സമ്പത്തോടുകൂടി അവർ എടുത്തിരുന്നു. ഇതറിഞ്ഞ അബ്രാം തന്റെ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായ മുന്നൂററി പതിനെട്ടുപേരെ കൂട്ടി അവരെ പിന്തുടർന്നു. ദാനിൽവച്ചു അവരുമായി ഏററുമുട്ടി. അവരെ തോല്പിച്ചു ലോത്തിനെയും കൂടെ കൊണ്ടുപോയവരേയും സമ്പത്തിനേയും അവരിൽ നിന്നും തിരികെ കൊണ്ടുവന്നു. വഴിമദ്ധ്യേ യുദ്ധത്തിൽ തോററ രാജാക്കന്മാർ അബ്രാമിനെ സ്വീകരിച്ചു. എന്നാൽ ആളുകളെ എനിക്കു തരുക സമ്പത്തു നീ എടുത്തുകൊൾക എന്നു സോദോം രാജാവു അബ്രാമിനോടു ആവശ്യപ്പെട്ടു. ഞാൻ അബ്രാമിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ വേണ്ടി ഞാൻ അതൊന്നും എടുക്കുന്നില്ല. എന്നാൽ എന്റെ കൂടെ വന്നവർ അവരുടെ ഓഹരികൾ എടുത്തു കൊള്ളട്ടെയെന്നു അബ്രാം മറുപടി പറഞ്ഞു (14:1-24).

അതിനുശേഷം അബ്രാമിനു ദൈവത്തിന്റെ ദർശനം ഉണ്ടായി. ആ ദർശനത്തിൽ അബ്രാം പരിചയും അതിമഹത്തായ പ്രതിഫലവും ആകുന്നുവെന്നു ദൈവം പറഞ്ഞു (15:2). എനിക്കു സന്തതിയെ തന്നിട്ടില്ലായെന്നും എന്റെ വീട്ടിൽ ജനിച്ച ദാസൻ എനിക്കു അവകാശിയാകുമെന്നും അബ്രാം മറുപടി പറഞ്ഞു. ഞാൻ നിനക്കു സന്തതിയെ തരുമെന്നും, നിന്റെ സന്തതികൾ എണ്ണുവാൻ കഴിയാത്ത നക്ഷത്രങ്ങളെപ്പോലെ പെരുകുമെന്നും യഹോവ അബ്രാമിനോടു കല്പിച്ചു (15:5). അവൻ യഹോവയിൽ വിശ്വസിച്ചു. അവനു അതു നീതിയായി കണക്കിട്ടു (15:6). അന്നു അബ്രാമിനു ഉണ്ടായ ഗാഢനിദ്രയിൽ യഹോവ അബ്രാമിനു താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി കൊടുത്തു. നിന്റെ സന്തതി നാന്നൂറു സംവത്സരം സ്വന്തമല്ലാത്ത ദേശത്തു പ്രവാസികളായിരിക്കും. അവർ ആ ദേശത്തിലെ ജനങ്ങളെ സേവിക്കും. അവർ അവരെ പീഡിപ്പിക്കും. അവർ സേവിക്കുന്ന ജാതിയെ ഞാൻ വി

യിക്കും. അതിനുശേഷം അവർ വളരെ സന്തോഷത്തോടു കൂടി പുറപ്പെട്ടുവരും. നീ സമാധാനത്തോടുകൂടി നിന്റെ പിതാക്കന്മാരോടു ചേരും. നല്ല വാർദ്ധകൃത്തിൽ അടക്കപ്പെടും. നാലാം തലമുറക്കാർ ഇവിടേക്കു മടങ്ങിവരും. മിസ്രയിം നദി തുടങ്ങി ഫ്രാത്ത് നദിവരെയുള്ള പ്രദേശം നിന്റെ സന്തതിക്കായി ഞാൻ തന്നിരിക്കുന്നു. (15:13-21). ഇതുകാലത്തിന്റെ തികവിൽ ദൈവം മോശയെ കൊണ്ടു നിറവേററി.

അബ്രാമിന്റെ ഭാര്യ സാറായി മക്കളെ പ്രസവിച്ചിരുന്നില്ല. അതിനാൽ അവൾ തന്റെ മിസ്രയിം ദാസി ഹാഗാറിനെ അവനു ഭാര്യയായി നല്കി. അവൾ ഗർഭം ധരിച്ചു. ഇതുമൂലം സാറാ അവളുടെ കണ്ണിനു നിന്ദിതയായി അനുഭവപ്പെട്ടു. അവൾ ഹാഗാറിനോടു കഠിനമയി പെരുമാറി. അവളുടെ കാഠിന്യം കൂടിയപ്പോൾ അവൾ മരുഭൂമിയിലേക്കു ഓടിപ്പോയി. അവിടെയുള്ള ഒരു നീരുറവയുടെ അരികിൽ വച്ചു ദൈവദൂതൻ അവൾക്കു പ്രത്യക്ഷപ്പെട്ടു. സാറായിയുടെ അടുക്കൽ മടങ്ങിച്ചെന്നു അവൾക്കു കീഴ്പ്പെട്ടിരിക്കുവാൻ കല്പിച്ചു. അവളുടെ സന്തതി വർദ്ധിക്കുമെന്നും, ഗർഭിണിയായ അവൾ ഒരു ആൺകുഞ്ഞിനെ പ്രസവിക്കുമെന്നും, യഹോവ നിന്റെ സങ്കടം കേൾക്കയാൽ അവനു യിശ്മായേൽ എന്നു പേരിടണമെന്നും കല്പിച്ചു. അവൾ അവനെ അനുസരിച്ചു, ബേർ ലഹയീരോയി (ദൈവമേ നീ എന്നെ കാണുന്നു) എന്ന പേരു ആ നീരുറവക്കു ഇട്ടു. ദൈവ ദൂതൻ പറഞ്ഞ പ്രകാരം അവൾ ഒരു ആൺ കുഞ്ഞിനെ പ്രസവിച്ചു. അവനു യിശ്മായേൽ എന്നു പേരിട്ടു. അന്നു അബ്രാമിനു 86 വയസ് പ്രായമുണ്ടായിരുന്നു (16:1-16).

അബ്രാമിനു തൊണ്ണൂററി ഒൻപതു വയസ്സായപ്പോൾ യഹോവ അവനു പ്രത്യക്ഷനായി കല്പിച്ചു. നീ ബഹുജാതികൾക്കു പിതാവാകും. അതിനാൽ ഇനി മുതൽ നിന്റെ പേർ അബ്രഹാം എന്നായിരിക്കും. ഞാൻ നിന്നെ അധികമായി വർദ്ധിപ്പിച്ചു അനേക ജാതികളാക്കും. നിന്നിൽ നിന്നു രാജാക്കന്മാർ ഉത്ഭവിക്കും. ഞാൻ നിനക്കും, നിന്റെ സന്തതികൾക്കും ദൈവമായിരിക്കും. എന്നാൽ നിങ്ങളിൽ പുരുഷപ്രജകളൊക്കെയും പരിച്ഛേദന ഏല്ക്കണമെന്ന നിയമം നിങ്ങൾ പ്രമാണിക്കേണം. നിങ്ങളുടെ അഗ്ര ചർമ്മം പരിച്ഛേദനം ചെയ്യണം. അതു എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം ആയിരിക്കും. തലമുറ തലമുറയായി നിങ്ങളിൽ പുരുഷപ്രജകളൊക്കെയും എട്ടുദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏല്ക്കണം. നിന്റെ വീട്ടിലെ ദാസനും, നീ വില കൊടുത്തു വാങ്ങിയവനും ഇതു ചെയ്യണം. അപ്രകാരം ചെയ്യാതിരിക്കുന്ന ഏതു പുരുഷപ്രജകളേയും നിങ്ങളിൽ നിന്ന് ഛേദിച്ചു കളയേണം. അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നു (17:1-14). നിന്റെ ഭാര്യയുടെ പേർ സാറായി എന്നല്ല സാറാ എന്നാ

യിരിക്കണം. ഞാൻ അവളെ അനുഗ്രഹിച്ചു അവളിൽ നിന്നു നിനക്കു ഒരു കുഞ്ഞിനെ തരും. അവൾ ജാതികൾക്കു മാതാവായിതീരും. അവളിൽ നിന്നും രാജാക്കൻമാർ ഉണ്ടാകും. ഇതുകേട്ട അബ്രഹാം കമിഴ്ന്നുവീണു ചിരിച്ചു. കാരണം നൂറുവയസ്സാകുന്ന അബ്രഹാമിനും തൊണ്ണൂറു വയസ്സാകുന്ന സാറായിക്കും ഇനി ഒരു മകൻ ജനിക്കുമോ? എന്നു ഹൃദയത്തിൽ പറഞ്ഞു. യിശ്മായേൽ നിന്റെ മുമ്പാകെ ജീവിച്ചിരുന്നാൽ മാത്രം മതിയെന്ന് അബ്രഹാം ദൈവത്തോടു അപേക്ഷിച്ചു. നിന്റെ ഭാര്യയായ സാറാ നിനക്കു ഒരു മകനെ പ്രസവിക്കും. നീ അവന് യിസ്ഹാക്ക് എന്നു പേരിടണം. യിശ്മായേലിനെ കുറിച്ചുള്ള നിന്റെ അപേക്ഷയും ഞാൻ കേട്ടിരിക്കുന്നു. ഞാൻ അവനെ വലിയോരു ജാതിയാക്കും. വരുന്നവർഷം ഈ സമയത്ത് സാറാ നിനക്കു പ്രസവിപ്പാനുള്ള യിസ്ഹാക്കിനോടു ആകുന്നു എന്നു കല്പിച്ചു. ദൈവം അവനെ വിട്ടുകയറിപ്പോയി. അതിനുശേഷം അബ്രഹാം താനും, മകൻ യിശ്മായേലും ഉൾപ്പെടെതന്റെ വീട്ടിലുള്ള എല്ലാ പുരുഷ പ്രജകളെയും പരിച്ഛേദന ഏല്പിച്ചു(17:15-24).

അബ്രഹാം മമ്രേയുടെ തോപ്പിൽ കൂടാരവാതില്ക്കൽ ഇരുന്നപ്പോൾ മൂന്നു പുരുഷന്മാർ അവന്റെ നേരെ നടന്നു വരുന്നതു കണ്ടു. അവൻ ഓടിച്ചെന്നു അവരെ സ്വീകരിച്ചു. ഭക്ഷണത്തിനായി ക്ഷണിച്ചു. അവർ അതു സ്വീകരിച്ചു. അവൻ; അവർക്കു ഭക്ഷണം നൽകി ശുശ്രൂഷിച്ചു. സ്ത്രീകൾക്കുള്ള പതിവുനിന്നുപോയ.സാറ ഒരു വർഷം കഴിഞ്ഞു് പ്രസവിക്കുമെന്നുഅവർ പറഞ്ഞു (18;1-15) യാത്ര പുറപ്പെട്ടു. അവർ സോദോമിലേക്കു പുറപ്പെട്ടു. യാത്രയാക്കുവാൻ അബ്രഹാം അവരോടൊപ്പം പോയി. യഹോവ അപ്പോൾ അബ്രഹാമിനോടു സംസാരിച്ചു. സോദോമിന്റെയും ഗൊമോരയുടെയും നിലവിളി വലിയതും അവരുടെ പാപങ്ങൾ അതികഠിനവും ആകുന്നുവെന്നും, അതു നോക്കുവാൻ അവർ പോകുന്നുവെന്നും പറഞ്ഞു. ആ പുരുഷന്മാർ സോദോമിലേക്കുപോയി. അബ്രഹാം യഹോവയുടെ സന്നിധിയിൽ തന്നെ നിന്നു. സോദോമിനേയും ഗൊമോരയേയും നശിപ്പിക്കാതിരിക്കുന്നതിനായി അവൻ ദൈവത്തോടു അവിടെയുള്ള നീതിമാന്മാരെ കുറിച്ചു വാദിച്ചു. അവസാനം പത്തു നീതിമാന്മാർ അവിടെ ഉണ്ടെങ്കിൽ അതിനെ നശിപ്പിക്കുകയില്ലായെന്നു ദൈവം അവനു ഉറപ്പുകൊടുത്തു യഹോവ അവിടെ നിന്നും പോയി. അബ്രഹാം വാസസ്ഥലത്തേക്കു മടങ്ങിപ്പോവുകയും ചെയ്തു (18:16–33).

ആ രണ്ടു ദൂതന്മാർ വൈകുന്നേരം സോദോമിൽ എത്തി. ലോത്ത് അവരെ സ്വീകരിച്ചു. രാപാർക്കാൻ ക്ഷണിച്ചു, അവർ അതു സ്വീകരിച്ചു: അവർ ഉറങ്ങാൻ ആരംഭിക്കുന്നതിനുമുമ്പായി സ്ഥലത്തെ പുരുഷന്മാർ അവരെ ഭോഗിക്കേണ്ടതിനായി ലോത്തിന്റെ വീട് വള

ഞ്ഞു.തൊററായ പ്രവൃത്തിയിൽ നിന്നു പിൻമാറുന്നതിനായി ലോത്ത് അവരെ ഉപദേശിച്ചു. തനിക്കുള്ള രണ്ടു പുത്രിമാരെ അവർക്കുവേണ്ടി പുരുഷാർത്ഥിനു നൽകാമെന്നു പറഞ്ഞു, അതുവകവെക്കാതെ വാതിൽപൊളിച്ചു അകത്തു കയറുവാൻ ശ്രമിച്ചു. ഈ അവസരത്തിൽ പുറത്തുനിന്ന ലോത്തനെ ദൂതന്മാർഅകത്തു പിടിച്ചുകയററി. വാതിൽക്കൽ ഉണ്ടായിരുന്ന പുരുഷന്മാർക്കു അന്ധത പിടിപ്പിച്ചു. അതിനാൽ അവർ വാതിൽ തപ്പി നടന്നു വിഷമിച്ചു. ഈ അവസരത്തിൽ ദൂതന്മാർ ലോത്തിനോടു പറഞ്ഞു, ഈ പട്ടണത്തിൽ നിനക്കു ഉള്ളവരെയൊക്കെ വിളിച്ചു ഇവിടെ നിന്നു പൊയ്ക്കൊൾക. ഈ സ്ഥലത്തുള്ളവരുടെ ആവലാതി യഹോവയുടെ മുമ്പാകെ വലുതായിരിക്കുന്നു. അതിനാൽ ഈ സ്ഥലം നശിപ്പിക്കുവാൻ യഹോവ ഞങ്ങളെ അയച്ചിരിക്കുന്നു. ലോത്ത് തന്റെ പുത്രിമാരെ വിവാഹം ചെയ്യുവാനുള്ള മരുമക്കളോടു സംസാരിച്ചു. എന്നാൽ അവർ ലോത്തിനെ കാര്യമാക്കിയില്ല. ഉഷസ്സായപ്പോൾ ദൂതൻമാർ ലോത്തിനെയും അവന്റെ ഭാര്യയേയും രണ്ടു പുത്രിമാരേയും കൈക്കു പിടിച്ചു പട്ടണത്തിനു പുറത്തു കൊണ്ടു പോയി. ജീവരക്ഷക്കായി പുറകോട്ടു നോക്കാതെയും ഈ സ്ഥലത്തു നില്ക്കാതെയും ഓടിപർവ്വതത്തിലേക്കുപോകുവാൻ കല്പിച്ചു. അതു പ്രയാസമായതിനാൽ അടുത്തുള്ള പട്ടണത്തിലേക്കു ഓടിപ്പോകുവാൻ അനുവദിക്കണമെന്ന് ലോത്ത് ആവശ്യപ്പെട്ടു. യഹോവ അതു അംഗീകരിച്ചു. ലോത്ത് അടുത്തുള്ള സോവർ പട്ടണത്തിൽ കടന്നപ്പോൾ സൂര്യൻ ഉദിച്ചു. യഹോവ സൊദോമിനേയും ഗൊമോരയേയും ആകാശത്തു നിന്നുള്ള തീയും ഗന്ധകവും കൊണ്ടു നശിപ്പിച്ചു. പട്ടണത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി ലോത്തിന്റെ ഭാര്യ പിന്നിലോട്ടു തിരിഞ്ഞുനോക്കി. അവൾ ഉപ്പുതൂണായി മാറി. ദൈവകല്പന ലംഘിച്ചതായിരുന്നു ഇതിനു കാരണം. അബ്രഹാം രാവിലെ എഴുന്നേററു നോക്കിയപ്പോൾ ആ പട്ടണങ്ങൾ രണ്ടും തീച്ചൂളയിൽ കത്തി എരിയുന്നതു കണ്ടു.

(19:1-28)

ഇതിനുശേഷം അബ്രഹാം മേമ്രയുടെ തോപ്പിൽ നിന്നും പുറപ്പെട്ടു ഗെരാരിൽ പരദേശിയായി താമസിച്ചു. ഭാര്യ സാറായെ അവന്റെ പെങ്ങളാണെന്നു പറഞ്ഞു. ഇതു വിശ്വസിച്ച ഗെരാർ രാജാവ് അബീമേലെക്ക് ആളയച്ചു സാറായെ അരമനയിലേക്കു കൊണ്ടുപോയി. എന്നാൽ രാത്രിയിൽ സ്വപ്നത്തിൽ ദൈവം അബീമേലക്കിനോടു പറഞ്ഞു. നീ എടുത്ത സ്ത്രീ നിമിത്തം നീ മരിക്കും. അവൾ ഒരു പുരുഷന്റെ ഭാര്യയാകുന്നു. എന്നാൽ അബീൻ അവളുടെ അടുക്കൽ പോയിരുന്നില്ല. ഇവൾ പെങ്ങളാണെന്നു അവനും, അവൻ ആങ്ങളയാണെന്ന് അവളും പറഞ്ഞിരുന്നു. അതിനാൽ പരമാർത്ഥതയോടും കയ്യുടെ നിർമ്മലതയോടും കൂടി ഞാൻ ഇതു ചെയ്തുവെന്നു അവൻ ദൈവത്തോടു ഏററു പറഞ്ഞു. അവൻ ഇതു പരമാർത്ഥത

യോടുകൂടി ചെയ്തതുകൊണ്ടു അവൻ ദൈവത്തോടു പാപം ചെയ്യാതിരിപ്പാൻ ദൈവം അവനെ തടഞ്ഞു. പ്രവാചകനായ ആ പുരുഷനു ഭാര്യയെ മടക്കി കൊടുക്കുവാൻ ദൈവം അവനോടു കല്പിച്ചു. അബീമേലെക്ക് ജീവനോടിരിക്കേണ്ടതിന്നു അവൻ പ്രാർത്ഥിക്കേണ്ടതിനാണു ദൈവം അപ്രകാരം കല്പിച്ചത്. അവളെ മടക്കി കൊടുക്കാതിരുന്നാൽ രാജാവിനുള്ളവരൊക്കെയും മരിക്കുമെന്നും അവനു താക്കീതു നൽകി. രാജാവ് അതിരാവിലെ എഴുന്നേററു അബ്രഹാമിനെ വരുത്തി ഇപ്രകാരം കള്ളം പറയുന്നതിനുള്ള കാരണം തിരക്കി. അതിനു മറുപടിയായി അബ്രഹാം പറഞ്ഞു, ഇവിടെ ദൈവ ഭയം ഇല്ല. എന്റെ ഭാര്യ നിമിത്തം അവർ എന്നെ കൊല്ലുമെന്നു നിരൂപിച്ചു. വാസ്തവത്തിൽ അവൾ എന്റെ പെങ്ങൾ ആകുന്നു. എന്റെ അപ്പന്റെ മകൾ. അമ്മയുടെ മകളല്ലതാനും. അവൾ എനിക്കു ഭാര്യയായി. ഞാൻ പിതൃഭവനത്തിൽ നിന്നും പുറപ്പെട്ടപ്പോൾ ഏതു ദിക്കിൽ ചെന്നാലും ഞാൻ അവളുടെ ആങ്ങളയാണെന്നു പറയണമെന്നു പറഞ്ഞിരുന്നു. അബീമേലെക്ക് അവനു സാറായെ മടക്കി കൊടുത്തു. ആടുമാടുകളും ദാസീദാസന്മാരും സമ്പത്തും അവനു നൽകി. രാജ്യത്തു ഇഷ്ടമുള്ളിടത്തു താമസിക്കുവാനും അനുവദിച്ചു. ദൈവം അബ്രഹാമിന്റെ അപേക്ഷ സ്വീകരിച്ചു അബീമേലെക്കിനെയും ഭാര്യയേയും ദാസീദാസന്മാരേയും അനുഗ്രഹിച്ചു (20:1-18).

ദൈവം മുൻകൂട്ടി അരുളി ചെയ്ത പ്രകാരം സാറാ ഗർഭവതിയായി ഒരു മകനെ പ്രസവിച്ചു, അവനു യിസഹാക്ക് എന്നു പേരു നൽകി, എട്ടാം ദിവസം പരിച്ഛേദന കഴിപ്പിച്ചു (21:1-4). സാറായുടെ നിർബന്ധപ്രകാരം അബ്രഹാം ഹാഗാറിനെയും പുത്രനേയും പുറത്താക്കി. അവർ ബേർശേബ മരുഭൂമിയിൽ ഒരു നീരുറവയ്ക്കു സമീപം താമസിച്ചു. അവൻ വളർന്നപ്പോൾ, ഒരു വില്ലാളിയായി തീർന്നു. മിസ്രയീം ദേശത്തു നിന്നു അവനു ഒരു ഭാര്യയെ അമ്മ കൊണ്ടു വന്നു നൽകി (21:14-21).

ദൈവം അബ്രഹാമിനെ പരീക്ഷിച്ചു. അവൻ സ്നേഹിക്കുന്ന ഏകജാതനായ യിസഹാക്കിനെ കൂട്ടി മോരിയാ ദേശത്തുചെന്നു നിന്നോടു കല്പിക്കുന്ന മലയിൽ അവനെ ഹോമയാഗം കഴിക്കുന്നതിന് ദൈവം ആവശ്യപ്പെട്ടു (22:2). അബ്രഹാം ഒട്ടും മടികാണിക്കാതെ അതിരാവിലെ എഴുന്നേററ് യിസഹാക്കിനെയും ബാല്യക്കാരേയും കൂട്ടി യാഗത്തിനുവേണ്ട സാധനങ്ങളുമായി ദൈവം ആവശ്യപ്പെട്ട സ്ഥലത്തേക്കു പോയി. ദൂരെ നിന്നു ആ സ്ഥലം കണ്ടപ്പോൾ അബ്രഹാം ബാല്യക്കാരേയും കഴുതയേയും അവിടെ നിർത്തിയിട്ടു മകനെയും കൂട്ടി യാഗ സാധനങ്ങളുമായി മല മുകളിലേക്കു നടന്നു. അവിടെ എത്തിയപ്പോൾ ഒരു യാഗ പീഠം പണിതു. അതിൽ വിറകു അടുക്കി, മകനെ കെട്ടി അതിന്മേൽ കിടത്തി അറുക്കേണ്ടതി

നായി കത്തി എടുത്തു. ഉടൻ യഹോവയുടെ ദൂതൻ അബ്രഹാമേ, അബ്രഹാമേ ബാലന്റെ മേൽ കൈ വക്കരുത്. അവനോടു ഒന്നും ചെയ്യരുത് എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം അതു അനുസരിച്ചു. തലപൊക്കി നോക്കിയപ്പോൾ പുറകിൽ ഒരു ആട്ടു കൊററൻ കൊമ്പു കാട്ടിൽ കുരുങ്ങി കിടക്കുന്നതു കണ്ടു. അബ്രഹാം അതിനെ എടുത്തു ഹോമയാഗം കഴിച്ചു. ആ സ്ഥലത്തിനു യഹോവ—യിരേ (യഹോവയുടെ പർവ്വതത്തിൽ അവൻ പ്രത്യക്ഷനാകും) എന്നു പേരിട്ടു. അബ്രഹാമിന്റെ ഈ യാഗത്തിൽ ദൈവം സംപ്രീതനായി. അബ്രഹാം മടങ്ങിവന്നു. ബേർശേബയിൽ താമസിച്ചു (22:3-19).

നൂററി ഇരുപത്തേഴാം വയസ്സിൽ സാറാ കാനാൻ ദേശത്തു ഹെബ്രോൻ എന്ന സ്ഥലത്തു വച്ചു മരിച്ചു. (23:1) അബ്രഹാം അഭ്യർത്ഥിച്ചതനുസരിച്ചും നിർബന്ധിച്ച പ്രകാരവും നാന്നൂറു വെള്ളി ശേക്കൽ എഫ്രോനു നൽകി അവന്റെ സ്വന്തമായ മക്പേല എന്ന ഗുഹയും അതിലെ നിലവും സകല വൃക്ഷങ്ങളും അബ്രഹാം അവകാശമായി വിലക്കു എടുത്തു. അതിൽ സാറായെ അടക്കി (23:16-20).

അബ്രഹാം വൃദ്ധനായി. തന്റെ ദാസരിൽ വിശ്വസ്തതയുള്ള ഒരുവനെ വിളിച്ചു. എന്റെ ദേശത്തു പാർപ്പുകാരുടെ അടുക്കൽ ചെന്നു യിസഹാക്കിനു ഒരു സ്ത്രീയെ ഭാര്യയായി കൊണ്ടു വരാമെന്നു അവനെ കൊണ്ടു സത്യം ചെയ്യിച്ചു. അവൻ അതിനായി പുറപ്പെട്ടു. മെസൊപ്പൊത്താമ്യയിൽ നാഹോരിന്റെ പട്ടണത്തിൽ എത്തി. ദൈവാനുഗ്രഹത്താൽ ബെഥൂവേലിന്റെ മകൾ റിബേക്കയെ അവൻ യിസഹാക്കിനായി തിരഞ്ഞെടുത്തു അവൾക്കു കൊണ്ടുവന്ന വസ്ത്രങ്ങളും ആഭരണങ്ങളും നൽകി. അവളുടെ സഹോദരനും അമ്മക്കും വിശേഷ വസ്തുക്കൾ കൊടുത്തു. മാതാപിതാക്കളുടെ അനുഗ്രഹാശിസ്സുകളോടുകൂടി അവൻ അവളെ യിസഹാക്കിന്റെ അടുക്കലേക്കു കൂട്ടികൊണ്ടു വന്നു. (23:31). യിസ്ഹാക്ക് അവളെ സ്വീകരിച്ചു. അമ്മ സാറായുടെ കൂടാരത്തിൽ കൊണ്ടു ചെന്നു പരിഗ്രഹിച്ചു. അവൾ അവനു ഭാര്യയായി തീർന്നു (23:67).

സാറായുടെ മരണശേഷം അബ്രഹാം കെതൂറാ എന്ന സ്ത്രീയെ ഭാര്യയായി പരിഗ്രഹിച്ചു. അവൾ മക്കളെ പ്രസവിച്ചു. എന്നാൽ അബ്രഹാം തനിക്കുള്ളതൊക്കെയും യിസഹാക്കിനു നൽകി. മററു മക്കൾക്കു ദാനങ്ങൾ മാത്രം നൽകി (25:1-6). നൂററി എഴുപത്തഞ്ചാം വയസ്സിൽ അബ്രഹാം മരിച്ചു. യിസഹാക്കും ഇസ്മായേലും കൂടി മക്പേലാ ഗുഹയിൽ അബ്രഹാമിനെ സാറായോടൊപ്പം അടക്കം ചെയ്തു (25:8-10).

(14-ാം പേജിന്റെ തുടർച്ച)

ക്രിസ്തീയ ലോകത്തിൽ പ്രചരിപ്പിച്ചതും, അവതരിപ്പിച്ചതും എന്ന് യഹോവസാക്ഷിക്കാർ സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നു. പക്ഷേ സത്യത്തിൽ തെർത്തുല്യനും, തിയോഫിലസും (എഴുത്തുകാർ) ജീവിച്ചിരുന്നതിനു മുൻപുതന്നെ ഈ വിശ്വാസം നിലനിന്നിരുന്നു എന്നതിന് തെളിവുകളുണ്ട്. ത്രിത്വത്തെ നിഷേധിക്കുന്നതിനായി അവർ ഉപയോഗിക്കുന്ന മററ് ചിലവാദഗതികൾ ഇവയാണ്. ഈ ഉപദേശം 2200 BC യിൽ പഴയ ബാബിലോൺ വാസികളിൽ നിന്നും ആരംഭിച്ചതാണെന്നും മററും.ബാബിലോൺ വാസികൾക്ക് ഇത്തരത്തിലുള്ള ഒരു ദൈവിക ത്രിത്വഅവസ്ഥയുണ്ടായിരുന്നു. കുഷ് (Cush) എന്നപിതാവ്, സെമിറാമിസ് (semiramis) എന്ന മാതാവ് (കുഷിന്റെഭാര്യ) നിമ്രോദ് എന്ന അവരുടെ മകൻ. നിമ്രോദ് ബാബിലോണിന്റെ ആദ്യത്തെ ഭരണാധികാരിയായി തീർന്നു. നിമ്രോദ് തന്റെ മാതാവിനെ തന്നെ വിവാഹം കഴിച്ചു. ഈ അവസ്ഥയിൽ നിന്നാണ് ത്രിത്വോപദേശം ആവിർഭവിച്ചതെന്ന് യഹോവസാക്ഷികൾ പഠിപ്പിക്കുന്നു. പിന്നീട് ഹിന്ദുമതം ബാബിലോണിയരിൽനിന്നും ഈ ആശയം കടമെടുക്കുകയും ആ വിശ്വാസത്തിൽ ത്രിത്വഉപദേശങ്ങളെ കാണുകയും ചെയ്യുന്നു. ബ്രഹ്മാവ് (Brahma) എന്ന സൃഷ്ടാവ്, വിഷ്ണു എന്ന പരിപാലകൻ (Preserver), ശിവൻ (നശിപ്പിക്കുന്നവൻ) ഈ മൂന്നും ചേരുന്നത് ബ്രഹ്മം എന്ന ഏകദൈവം (Brahm). ഈജിപ്ററുകാരുടെ ഇടയിലും ഒരു ത്രിത്വഉപദേശമുണ്ട്. The goddess Isis, her sister Nephthys, and Osiris, the son of Nephthys, who was adopted by Isis as her son, but who also became Isis's husband.

ഇത്തരത്തിലുള്ള ചരിത്രങ്ങൾ നിരത്തിക്കൊണ്ട് വീക്ഷാഗോപുര വിശ്വാസികൾ സ്ഥാപിക്കുന്നത്, ത്രിത്വഉപദേശം (ക്രിസ്തീയേക ദൈവവിശ്വാസം) പഴയകാല പൈശാചിക മതവിശ്വാസങ്ങളായ ബാബിലോൺ, ഇൻഡ്യ,ഈജിപ്ത് എന്നിവിടങ്ങളിൽനിന്ന് ആവിർഭവിച്ചിട്ടുള്ളതാണ് എന്നാണ്. "The obvious conclusion is, therefore, that satan is the originator of the Trinity doctrine". (Let God Be True. P, 101)

പക്ഷേ ദൈവത്തിന്റെ സത്യം യഥാർത്ഥമായി തിരിച്ചറിയുവാൻ കഴിയാത്ത ഈ സംഘടനയുടെ അനുയായികൾ യഥാർത്ഥ വെളിച്ചം ഇന്നും കാണുന്നില്ല. ദൈവവചനത്തിലൂടെ നമുക്ക് ഈ ഉപദേശത്തിന്റെ ബലഹീനതയും, അടിസ്ഥാനമില്ലായ്മയും തുടർച്ചയായി പഠിക്കാം.

(തുടരും)

(10-ാം പേജിന്റെ തുടർച്ച)

ടനാസഭകളെ തടിച്ചു കൊഴുപ്പിക്കുന്ന അജ്ഞാതമായ എല്ലാ കാര്യ ങ്ങളും കർത്താവിന്റെ മുമ്പിൽ തെളിവായിരിക്കുന്നു.

എഫെസൊസ് സഭയിലെ അനേകം നല്ല പ്രവൃത്തികളെയും കർത്താവ് അറിയുന്നു എന്നു പറയുന്നു. "നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ നീനക്ക് സഹി ച്ചുകൂടാത്തതും അവരെ പകെക്കുന്നതും കർത്താവ് അറിയുന്നു. കർത്താവിന്റെ നാമം നിമിത്തം സഹിച്ചിട്ടുള്ള അനേകം പ്രതികൂ ലങ്ങളും ആക്ഷേപങ്ങളും, പരിഹാസങ്ങളും എന്നിവയുടെ മദ്ധ്യത്തിൽ തളർന്നു പോകാതെ നിലനിന്നതും എല്ലാം കർത്താവ് അറിയുന്നു. "ദൈവം നിങ്ങളുടെ പ്രവൃത്തിക്കും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതി നാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നു കളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല (എബ്രം. 6:10). "എന്റെ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളി ചെയ്യും" (മത്താ. 25:40).

വളരെ പ്രശംസനീയമായ അനേകം കാര്യങ്ങൾ ഇന്നത്തെ സഭ കളും പ്രത്യേകിച്ച് ക്രീസ്തീയസമുദായ സംഘടനാസഭകളും ചെ യ്യുന്നുണ്ട്. ഭവനരഹിതർക്ക് ഭവനം ദാനം ചെയ്യുന്നു. ഭൂരഹിതർക്ക് കിടപ്പാടങ്ങൾ വാങ്ങി കൊടുക്കുന്നു. അനേകർക്ക് വിദ്യാഭ്യാസ സൗക ര്യങ്ങളും ആനുകൂല്യങ്ങളും നൽകുന്നു. പോഷകാഹാരങ്ങളും ഭക്ഷണ സാധനങ്ങളും വിതരണം ചെയ്യുന്നു. വളർത്തു മൃഗങ്ങളെ വാങ്ങി കൊടുക്കുന്നു. പലർക്കും തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. അഗതി മന്ദിരങ്ങളും അനാഥമന്ദിരങ്ങളും, ആതുരസേവനങ്ങളും എന്നു വേണ്ട അനേക തരത്തിലുള്ള നല്ല കാര്യങ്ങൾ ചെയ്തുവരുന്നു.

എന്നാൽ ഒരു കുററം നിന്നെക്കുറിച്ചു പറവാനുണ്ട്. "നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു". എഫെസൊസ് സഭയെക്കുറിച്ചു പറ യാനുണ്ടായിരുന്ന കുറവ് അതായിരുന്നു. ഇന്നു കാണുന്ന അനേകം സഭകളുടേയും അവസ്ഥ ഇതുതന്നെയാണ്. ദൈവസ്നേഹം വിട്ട കന്നിരിക്കുന്നു. പത്ഥ്യ ഉപദേശത്തെ വികൃതമാക്കി മനുഷ്യക ല്പനകൾക്ക് സ്ഥാനം കൊടുത്തിരിക്കുകയാണ്. മനുഷ്യർ കെട്ടി പ്പടുക്കുന്ന ക്രീസ്തീയ സമുദായ സംഘടനാസഭകൾ എത്രയോ ബാ ലിശമായിരിക്കുന്നു. ഈ അനുഭവത്തിലൂടെ ആർക്കെങ്കിലും ഒരു വ്യ ക്തിയെ സ്വർഗ്ഗത്തിന് അവകാശിയാക്കി തീർക്കാൻ കഴിയുമോ?

'ദൈവം സ്നേഹം തന്നെ.' "അവന്റെ കല്പനകളെ പ്രമാണി ക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം" (1 യോഹ. 5:3). ദൈവക

ല്പനകളേയും, ഉപദേശങ്ങളേയും അനുസരിച്ച് പ്രമാണിക്കുന്നവർക്ക് മാത്രമേ ആദ്യസ്നേഹം വിട്ടുകളയാതെ ഇരിക്കാൻ സാധിക്കുകയുള്ളു. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകെക്കയുംചെയ്യുന്നവൻ കള്ളനാകുന്നു" (1 യോഹ 4:20).

ദൈവ കല്പനകൾക്കും ഉപദേശങ്ങൾക്കും കീഴ്പ്പെടാതെ മാനുഷിക കല്പനകൾക്കും ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും പാരമ്പര്യങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും അടിമപ്പെട്ടു ജീവിക്കുന്നവർ എല്ലാവരും ആദ്യസ്നേഹം വിട്ടകന്നവരാണ്. ദൈവ വചനം തെററായ രീതിയിൽ പഠിപ്പിക്കുന്നവരും അതു കേട്ടനുസരിക്കുന്നവരും ആദ്യ സ്നേഹത്തിൽ നിന്നും അതിരു കടന്നവരാണ്. സത്യവചനത്തെ ഉള്ളതുപോലെ പ്രയോഗിക്കാത്തവരും കാര്യസാദ്ധ്യങ്ങൾക്കും, നിലനിൽപ്പിനും വേണ്ടി ദുരുപദേശങ്ങളിൽ കടിച്ചു തൂങ്ങുന്നവരും ആദ്യ സ്നേഹത്തിൽ നിന്നും തള്ളപ്പെട്ടവരാണ്. ക്രിസ്തുവിന്റെ സഭ എന്ന ദൈവരാജ്യത്തെ അനുഭവമാക്കാത്തവരും 'ക്രിസ്തുവിന്റെസഭ' യിൽ അറിയപ്പെടാത്ത വ്യക്തികളുടെയും കൂട്ടങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പേരുകളിൽ ഇന്നറിയപ്പെടുന്ന എല്ലാ ക്രിസ്തീയ സമുദായ സംഘടനാസഭകളും ആദ്യ സ്നേഹത്തെ മറുതലിക്കുന്നവരാണ്. അവരെല്ലാം ക്രിസ്തുവിന്റെ ആദ്യ. സ്നേഹം വിട്ട് "അന്യഥാ ഉപദേശത്തിലും ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ചു ചീർത്തിരിക്കുന്നവരാണ്"

കുററം ഒന്നു മാത്രമേ ഉള്ളു എങ്കിലും അതുംപരിഹരിച്ചേ പററൂ. "നീ ഏതിൽ നിന്നുവീണിരിക്കുന്നു എന്ന് ഓർത്തുമാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും." (വെളി 2:5).

വീഴ്ച്ച സംഭവിച്ചിരിക്കുന്ന അവസ്ഥയിൽ നിന്നും മാനസാന്തരപ്പെടണമെന്ന് കർത്താവ് ആവശ്യപ്പെടുന്നു. മുടിയനായ പുത്രന് തന്റെ വീഴ്ച്ചയെപ്പററി സുബോധം വന്നപ്പോൾ "ഞാൻ എഴുന്നേററ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട് അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്ന പേരിന്ന് ഞാൻ യോഗ്യനല്ല, നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു. (ലൂക്കോ. 15:18,19).

'മാനസാന്തരത്തിനു' തെററിനെ സമ്മതിച്ചുകർത്താവിനോടു ഏററു പറഞ്ഞു ഉപേക്ഷിക്കുകയും തിരിഞ്ഞു വരികയും ചെയ്യുക എന്നുള്ള അർത്ഥം മാത്രമേ ഉള്ളു. അല്ലാതെ രക്ഷിക്കപ്പെടുന്ന അവസ്ഥയല്ല.

ക്രിസ്തുവിന്റെ സഭയിലാണെന്ന് അഭിമാനം കൊള്ളുന്ന പലരും അതുപോലെ തന്നെ ക്രിസ്തീയ സമുദായ, സംഘടനാ സഭയിലായിരിക്കുന്നവരും, സഭാ തലങ്ങളിലെ ഉന്നതങ്ങളിൽ വ്യവഹരിക്കുന്നവരും ജഢികതിമിരം പിടിപെട്ടു ആത്മീയ അന്ധകാരത്തിലും അബോധാവസ്ഥയിലും നിപതിച്ചിരിയ്ക്കയാണ്. അവർ ഓരോരുത്തരും ദൈവ ഭവനമാകുന്ന ക്രിസ്തുവിന്റെ സഭയിലേക്കു മാനസാന്തരപ്പെട്ടു തിരിച്ചുവരേണ്ടിയിരിക്കുന്നു. എങ്കിലേ അവർ ദൈവമക്കൾ എന്ന പേരിന് യോഗ്യരാകയുള്ളു. അല്ലാത്തപക്ഷം അവൻ ലോക പ്രകാരം എത്ര ശ്രേഷ്ഠരായിരുന്നാൽ തന്നെയും, എന്തെല്ലാം നല്ല പ്രവൃത്തികൾ ചെയ്തവർ ആയാൽ തന്നെയും ദൈവം അവരെ വേരോടെ പിഴുതെറിയും. "സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചുതന്നത് ആർ? മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ "ഇപ്പോൾ തന്നേ വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വെച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു. വീശുമുറം അവന്റെ കയ്യിൽ ഉണ്ട്. അവൻ കളത്തെ മുററും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും." (മത്താ 3:7, 8, 10, 12).

ദൈവവചനത്തിൽനിന്ന്, ഉപദേശത്തിൽ നിന്ന് ആദ്യസ്നേഹത്തിൽ നിന്ന്, നീ ഏതിൽ തെററിയിരിക്കുന്നു എന്നോർത്ത് ആ വീഴ്ചയിൽ നിന്നും എഴുന്നേല്ക്കുക. നിന്റെ ജഡമയത്വത്തിന്റെ ഉറക്കത്തിൽ നിന്ന് ഉണരുക. "ഉറങ്ങുന്നവനേ ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്കുക. എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും" (എഫെ. 5:14).

"ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ" ദൈവാത്മാവിന്റെ വാക്കുകളെ കേൾക്കാതെ മനുഷ്യവാക്കുകൾക്ക് ലോകം ഇന്ന് ഏറെ വില കല്പിക്കുന്നു. അവയെല്ലാം കണ്ണും അടച്ചു വിശ്വസിക്കയും ചെയ്യും. സത്യം പറയുകയും സത്യം പഠിപ്പിക്കയും ചെയ്യുന്നവൻ വളരെ മോശക്കാരനാണ്. അവൻ ജീവിതം ഇല്ലാത്തവനും ദുഷ്ടനും കൊള്ളരുതായ്മ ചെയ്യുന്നവനുമാണെന്നു ലോകം അവനെ പുച്ഛിക്കുന്നു. അങ്ങനെ ഉള്ളവരോടു ദൈവവചനം പറയുന്നു, "സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്ന് ദൈവം അവർക്ക് ഭോഷ്ക്കു വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു." (2 തെസ്സ. 2: 11,12). "ദൈവ പ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി" (2 കൊരി. 4:4).

"ചെവിഉള്ളവൻ കേൾക്കട്ടെ" ആരെങ്കിലും ചെവിയില്ലാത്തവരായി ഉണ്ടോ? സർവ്വജനത്തിനും ചെവി ഉണ്ട്. പക്ഷെ ആരാണ്

യേശു ക്രിസ്തുവിന്റെ ഉപദേശം കേട്ടനുസരിച്ച് ജീവിക്കുന്നത്? മനുഷ്യരെല്ലാം ലോക ജീവിതത്തിന്റെ താല്പര്യങ്ങളെ ലക്ഷ്യമാക്കി യേശു ക്രിസ്തുവിന്റെ ഉപദേശങ്ങളുമായി കൂട്ടുചേർത്തും കുറച്ചും ഒന്നും അല്ലാത്ത രീതിയിലാക്കിയിരിക്കുന്നു. "നീ മാനസാന്തരപ്പെട്ടാഞ്ഞാൽ നിന്റെ നിലവിളക്ക് സഭ എന്നതിന് അർത്ഥമാക്കുന്നതിനിൽ, നീ യാഥാർത്ഥ്യത്തിലേക്ക് അഥവാ സത്യത്തിലേക്ക് തിരിഞ്ഞു വരുന്നില്ലെങ്കിൽ നിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും നിന്നെ എടുത്തു കളയും.

ക്രിസ്തീയ സമുദായ സംഘടനാ സഭകളിൽ പല അഭിപ്രായക്കാരും, അവരുടെ ഗ്രൂപ്പുകളും ആണ് ഉള്ളത്. പണവും സ്വാധീനവും ചെലുത്താൻ കഴിവുള്ളവർ മററുള്ള ഗ്രൂപ്പുകളെക്കാൾ ശക്തന്മാരായിരിക്കും. ഇങ്ങനെ പക്ഷവാദികളാലും പാർട്ടി വഴക്കുകളാലും സഭകളിൽ ദൈവ സ്നേഹത്തിനോ ദൈവനീതിക്കോ അവസരം ലഭിക്കുന്നില്ല. അതിനാൽ സഭകളിൽ ഭിന്നതകളും കലഹങ്ങളും, ശണ്ഠകളും മത്സരങ്ങളും പൈശാചികത്വവും കടന്നു വരുന്നു. അധികാരമോഹങ്ങളും, അധികാരവാഴ്ചകളും സ്ഥാനമാനങ്ങളും തലപൊക്കി ഉയർത്തുന്നു. ക്രിസ്തുവിന്റെ സഭ എന്ന പേരിൽ അറിയപ്പെടാത്ത സകല ക്രിസ്തീയ സമുദായസംഘടനാസഭകളും ചെറുതും വലിയതുമായ ഓരോന്നും യഥാർത്ഥത്തിൽ യേശു ക്രിസ്തുവിന്റെയും, അപ്പോസ്തലന്മാരുടെയും പഠിപ്പിക്കലിൽ നിന്നും മാതൃകാപരമായ രീതിയിൽ നിന്നും ഉപദേശത്തിൽ നിന്നും തരംതാണു പോയിരിക്കയല്ലേ? രാഷ്ട്രീയ പാർട്ടികളോട് അനുരൂപമാണ് ക്രിസ്തീയ സമുദായ സംഘടനാ സഭകൾ "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (റോമ 12:2)

എഫെസൊസ് സഭ നിക്കൊലാവ്യരുടെ നടപ്പു പകെച്ചിരുന്നു. അവർ യേശു ക്രിസ്തുവിന്റെ ഉപദേശത്തെ വിശ്വസിക്കയും അനുസരിക്കയും ചെയ്യാതിരുന്ന കള്ള വിശ്വാസികളായിരുന്നു. ഇത്തരക്കാർ ഇന്നും ക്രിസ്തുവിന്റെ സഭകളിലേക്ക് നുഴഞ്ഞു കയറുന്നുണ്ട്. ക്രിസ്തീയ സമുദായ സംഘടനാ സഭകളിൽ ആകമാനം അവർ തന്നെയാണ്. അവർ വിശ്വാസം മറപിടിച്ച് ഭൗതികമായ നേട്ടങ്ങളിൽ കണ്ണുവെച്ച് കടന്നു വരുന്നവരാണ്. അവർ ദൈവമക്കളുടെ നന്മയിലും അനുഗ്രഹത്തിലും കണ്ണുകടി ഉള്ളവരാണ്. സഭയിൽ പിളർപ്പും ഭിന്നതയും ഉണ്ടാക്കുന്നു. അവർക്ക് ഒന്നും ലഭിക്കാതെ വരുമ്പോൾ സഭകളെ ഏതു വിധേനയും തകർക്കാൻ വേണ്ട കെണികളും, കുടുക്കുകളും ഒരുക്കുന്നു. പക്ഷെ ഓർക്കുക! ക്രിസ്തുവിന്റെ സഭയെ പാതാള ഗോപുരങ്ങൾ ഒന്നും ജയിക്കയില്ല.

(തുടരും)

ൾയ ലേഖകരും പറഞ്ഞിരിക്കുന്നതു, ഒരാൾ ക്രിസ്ത്യാനിയായി തീരുവാൻ അവൻ ക്രിസ്തുവിൽ വിശ്വസിക്കണം എന്നാണ്. രക്ഷിക്കപ്പെടുവാൻ അഥവാ ക്രിസ്ത്യാനിയായി തീരുവാൻ മറ്റുപല കാര്യങ്ങളും പ്രത്യേകമായി എടുത്തു പറയുന്നുണ്ട്. രക്ഷിക്കപ്പെട്ട അവസ്ഥയിൽ തുടരുന്നതിനും ക്രിസ്ത്യാനിയായി തുടരുന്നതിനും എന്തെല്ലാം ചെയ്യണമെന്നുകൂടെ അവൻ സൂചിപ്പിച്ചിരിക്കുന്നു. പ്രാരംഭമായി ക്രിസ്തു പറഞ്ഞ ഒരു പ്രസ്താവനയിലേക്കു നമുക്കു കടക്കാം. 'നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്ത്? (ലൂക്കൊസ് 6:46). വീണ്ടും അവൻ പറയുന്നതു "എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു (മത്തായി 7:21).

എബ്രായ ലേഖകൻ യേശുക്രിസ്തുവിനെ കുറിച്ചും നമുക്കു അവനോടുള്ള അനുസരണത്തെകുറിച്ചും സംസാരിക്കുന്നതു നോക്കാം. "പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു. (എബ്രാ: 5:8). പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല എന്നും കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുക മാത്രമല്ല, അനുസരിക്കുക കൂടെ വേണമെന്ന് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായല്ലോ. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ രക്ഷിക്കപ്പെടുമെന്നും അതിനു ശേഷമാണ് അനുസരിക്കേണ്ടതെന്നും ആരെങ്കിലും പറഞ്ഞാൽ അതു ബൈബിളിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നതാണ് ചോദ്യം. യേശുക്രിസ്തു പറയുന്നതിനു ചെവികൊടുപ്പിൻ, അവൻ തന്റെ അപ്പോസ്തലന്മാരോടു കല്പിച്ചിരിക്കുന്നതാണ്, "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15-16). രക്ഷിക്കപ്പെടാതെ ഒരാൾക്കു ക്രിസ്ത്യാനിയായി തീരാൻ പറ്റുമോ? ഇല്ലെങ്കിൽ ഒരാൾ യേശുക്രിസ്തുവിൽ വിശ്വസിക്കലും സ്നാനമേല്ക്കുകയും ചെയ്തു രക്ഷിക്കപ്പെടുകയും ക്രിസ്ത്യാനിയാവുകയും വേണം. ഒരാൾ ഇതു വിശ്വസിക്കുന്നില്ലെങ്കിലോ? മറ്റുള്ളവരെപ്പോലെ അയാളും നശിച്ചുപോകും. പക്ഷേ അയാൾ വിശ്വസിച്ചാലോ? വാസ്തവമായും അയാൾ ക്രിസ്തുവിനെ അനുസരിക്കും. അതു നിങ്ങൾ നിഷേധിക്കുകയില്ലല്ലോ.

എത്യോപ്യാരാജ്ഞിയുടെ മേൽ വിചാരകനും മഹാനുമായ ഒരു വ്യക്തിയോടു ഫിലിപ്പോസ് സുവിശേഷം അറിയിച്ചു കഴിഞ്ഞപ്പോൾ അവൻ സ്നാനമേല്ക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് ആരാഞ്ഞു. "അതിനു ഫിലിപ്പൊസ്, നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറഞ്ഞു (പ്രവൃത്തി 8:37). രേഖകൾ സൂചിപ്പിക്കുന്നതു, ഫിലിപ്പോസ് അവനെ സ്നാനം കഴിപ്പിച്ചു എന്നാണ്. ഇതിൽ നിന്നും രക്ഷിക്കപ്പെടുവാൻ ഒരാൾ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കയും ആ വിശ്വാസം ഏററു പറയുകയും തുടർന്നു സ്നാനമേല്ക്കുകയും ചെയ്യണം. പത്രൊസിന്റെയും മററു അപ്പൊസ്തലന്മാരുടെയും സുവിശേഷ ഘോഷണം ശ്രവിച്ച വലിയൊരു കൂട്ടം ആളുകൾ തല്ഫലമായി ക്രിസ്തുവിൽ വിശ്വസിക്കുകയും തങ്ങൾ എന്തുചെയ്യേണം. എന്നു അപ്പോസ്തലന്മാരോടു ചോദിക്കുകയും ചെയ്യുകയുണ്ടായി. അതിനു പത്രൊസ് നല്കിയ മറുപടി ഈ അവസരത്തിൽ ചിന്തിക്കേണ്ടതാണ്.

പത്രൊസ് അവരോടു, നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തി 2:38). അന്നു ഏതാണ്ട് മൂവായിരം പേർ വചനം സന്തോഷത്തോടെ കൈക്കൊണ്ടു അവർ സ്നാനമേററു അവരോടു ചേർന്നു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:47) ആകയാൽ നാം എന്തു വിശ്വസിക്കണം? കർത്താവിൽ വിശ്വസിച്ചവരായ ആളുകൾ അവരുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു, ക്രിസ്തുദൈവ പുത്രനെന്നുള്ള അവരുടെ വിശ്വാസം അവർ ഏററു പറഞ്ഞു രക്ഷക്കായി അഥവാ പാപമോചനത്തിനായി സ്നാനമേല്ക്കുകയും. അങ്ങനെ രക്ഷിക്കപ്പെട്ടവരെ കർത്താവ് സഭയോടു ചേർക്കുകയും ചെയ്തു എന്നു നാം കണ്ടുകഴിഞ്ഞു. ഇങ്ങനെ അനുസരിച്ചവർ ക്രിസ്ത്യാനികളായി തീർന്നു എന്നു നിങ്ങൾ ഇപ്പോൾ പറയുമോ? അങ്ങനെ എങ്കിൽ അതല്ലേ എല്ലാവരിൽ നിന്നും രക്ഷക്കായി കർത്താവ് പ്രതീക്ഷിക്കുന്നത്? ക്രിസ്ത്യാനികളാകുവാനും സഭയിലെ അംഗങ്ങളാകുവാനും. എല്ലാവരും അതല്ലേ അനുസരിക്കേണ്ടത്? വചന പ്രകാരം രക്ഷിക്കപ്പെടാത്തവർ രക്ഷിക്കപ്പെടുകയോ കർത്താവിന്റെ സഭയിൽ അംഗങ്ങളായി തീരുകയോ ചെയ്യാത്തതിനാൽ അവർ ക്രിസ്ത്യാനികളാവുന്നില്ല എന്നു നിങ്ങൾ സമ്മതിക്കുമോ? കർത്താവിന്റെ കല്പനകൾക്കു മാററം വന്നിട്ടില്ലായ്കയാൽ എല്ലാവരേയും ഒരുപോലെ ബാധിക്കുന്നതാണ് തിരുവെഴുത്ത്.

പുതിയ നിയമത്തിൽ അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം വായിച്ചാൽ അനേകമാളുകൾ പരിവർത്തനം ചെയ്യപ്പെട്ടതായി കാ

ണാം. അവരെല്ലാം ചെയ്തതു നാം നേരത്തേ കണ്ടതായ കാര്യങ്ങാം തന്നെയാണ്. കാരണം രക്ഷിക്കപ്പെടുവാൻ വേറെ വഴി ഇല്ലെന്നതു ത ന്നെ. തുടർന്നു അവരെല്ലാം ക്രിസ്തുവിന്റെ സഭ എന്ന ഒരേ ഒരു സഭ യിലെ അംഗങ്ങളും ക്രിസ്ത്യാനികളും ആയി തീർന്നു. കൂടാതെ കർ ത്താവിനെ അനുസരിച്ചവരെല്ലാം അവനോട്ടു ചേരുവാൻ സ്നാനമേ റ്റവരാണ് (റോമർ 6:3,4) അവന്റെ ശരീരമാകുന്ന സഭയോടു ചേരു വാനുമാണ് (1 കൊരിന്ത്യർ 12:13) അന്നു അവർ ചെയ്തതുപോലെ ഇന്നും എല്ലാവരും ചെയ്യുന്നുവെങ്കിൽ അവർ രക്ഷിക്കപ്പെട്ടതുപോലെ രക്ഷിക്കപ്പെടുകയും അതിന്റെ ഫലമായി എല്ലാവരും ക്രിസ്തുവി നോടും അവന്റെ സഭയോടും ചേർക്കപ്പെടുകയും ചെയ്യും.

ഒരാാം എന്തു ചെയ്യണമെന്നു കർത്താവ് അരുളിച്ചെയ്തതു നിറ വേററുമ്പോാം അയാാം ക്രിസ്ത്യാനിയായി തീരുന്നു. ബൈബിാം ഉപദേശം ഒരാാം അനുസരിക്കാതെയിരിക്കുമ്പോാം അയാാം ക്രി സ്ത്യാനിയായിട്ടില്ല എന്നു പറയാം. ആരാണ് വിധിക്കുന്നത്? വാസ്തവത്തിൽ ഒരാാം ഊഹാപോഹം വെച്ചുകൊണ്ടു വാക്യാനുസര ണമല്ലാതെ സംസാരിക്കുന്നതും കർത്താവിന്റെ ഇഷ്ടം അനുസരി ക്കാതെ തന്നെ ഒരാാം ക്രിസ്ത്യാനി എന്നും രക്ഷിക്കപ്പെട്ടവനെന്നും പറയുന്നതല്ലേ വിധിക്കൽ?

ഒരാാം കർത്താവിനെ അനുസരിക്കുമ്പോാം അയാാം ക്രിസ്തുവി ലും അവന്റെ സഭയിലും പ്രവേശിക്കണമെന്നു തിരുവെഴുത്തു പറയു മ്പോാം, ക്രിസ്തുവിലാകാത്ത കർത്താവിന്റെ സഭയിൽ പ്രവേശി ക്കാത്ത ഒരാാം ക്രിസ്ത്യാനിയായി തീർന്നുവെന്നു ഒരാാംക്ക് എങ്ങ നെ പറയാൻ കഴിയും? നാമധേയ വിഭാഗത്തിലോ മനുഷ്യ നിർമ്മിത സഭയിലോ അംഗമായിരിക്കുന്ന ഒരാാംക്ക് എങ്ങനെ ക്രിസ്ത്യാനി എ ന്നു പറയുവാൻ കഴിയും? കർത്താവ് അവരെ രക്ഷിക്കുകയോ അവരെ, ആ വിഭാഗങ്ങളിൽ ഒന്നിൽ ചേർക്കുകയോ ചെയ്തിട്ടില്ല. ക്രിസ്തു ഒരാളെ രക്ഷിക്കുമ്പോാം അവൻ അവനെ തന്റെ സഭയോടു ചേർക്കുക യാണ് ചെയ്യുന്നത്.

ബൈബിളിൽ വായിക്കാത്ത ഒരു വിഭാഗത്തിലോ സഭയിലോ ആ ണ് നിങ്ങാം അംഗങ്ങളായിരിക്കുന്നതെങ്കിൽ നിങ്ങളുടെ ആത്മാക്ക ളുടെ അപകട സാദ്ധ്യത ദയവു ചെയ്തു ഒഴിവാക്കുക. നിങ്ങാം ഇ പ്രകാരം രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നും ക്രിസ്ത്യാനിയാണെന്നും സ്വയമായി ധരിച്ചുവെക്കുകയും മററുള്ളവരെ ധരിപ്പിക്കുകയും ചെ

ച്ചുന്നതു് ഇനിയെങ്കിലും ഒഴിവാക്കുക. ദൈവത്തോടു് ന്യായീകരിക്കുന്നതു് അവൻെറ നിയമപ്രകാരമായിരിക്കണ്ടേ?

അവസാനമായി, ഒരാൾ ക്രിസ്ത്യാനിയായി തീരുവാൻ ആദ്യമായി ക്രിസ്തുവിനെ വിശ്വാസത്തോടെ പിൻപററണം. ആഴ്ചവട്ടത്തിൻെറ ഒന്നാംനാൾ തോറും നിങ്ങൾ അവനെ ആരാധിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കുകയും വേണം. നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും അങ്ങനെ ക്രിസ്തുവിൻേറതുപോലെ ആയി മാറണം.

ചുരുക്കിപ്പറഞ്ഞാൽ, ഒരു വ്യക്തി രക്ഷിക്കപ്പെടുവാനും ക്രിസ്ത്യാനിയായി തീരുവാനും ആ വ്യക്തി ക്രിസ്തുവിനെ അനുസരിക്കണം. അതു ക്രിസ്തുവിനോടും അവൻെറ സഭയോടും ചേരുന്നതിനായിരിക്കണം. പിന്നീടു് തൻെറ ആയുഷ്കാലമൊക്കെയും ക്രിസ്തുവിനെ വിശ്വസ്തമായി പിൻപററണം. തീർച്ചയായും അവനെ അനുസരിക്കുക എന്നു പറയുമ്പോഴും അവനെ വിശ്വസ്തതയോടെ പിൻപററണം എന്നു പറയുമ്പോഴും അതിൽ ധാരാളം കാര്യങ്ങൾ അടങ്ങിയിട്ടുണ്ടു് എന്നു നാം മുമ്പു കണ്ടുകഴിഞ്ഞു. വെറുതെ ആരും, എല്ലാവരും ക്രിസ്ത്യാനികളായി മാറുകയില്ല. നമുക്കു സ്വയമായി ചട്ടങ്ങളും നിയമാവലികളും ഉണ്ടാക്കാവുന്നതല്ല. നാമല്ലല്ലോ രക്ഷകൻ. യേശുക്രിസ്തുമാത്രം രക്ഷകനായിരിക്കെ നാം രക്ഷപ്രാപിക്കുന്നതിനും ക്രിസ്ത്യാനിയായി തീരുന്നതിനും വിശ്വസ്ത ക്രിസ്തീയ ജീവിതം തുടരുന്നതിനും അവൻെറ ഉപദേശത്തെ ആശ്രയിക്കുകയാണു് വേണ്ടതു്. എൻെറ സ്നേഹിതാ, കർത്താവിൻെറ നിലവാരമനുസരിച്ചു് നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്നിട്ടുണ്ടോ? നിങ്ങളുടെ നിലവാരപ്രകാരമോ, മനുഷ്യരുടെ നിലവാരപ്രകാരമോ നിങ്ങൾ ക്രിസ്ത്യാനിയായിരിക്കാം. പക്ഷേ കർത്താവു് ആവശ്യപ്പെടുന്നതു് അനുസരിച്ചാൽ മാത്രമേ നിങ്ങൾ യഥാർത്ഥ ക്രിസ്ത്യാനിയായി തീരുന്നുള്ളു. അവനാണു് നമ്മുടെ രക്ഷാധികാരി. ആകയാൽ എന്തുചെയ്യണമെന്നു അവനാണു് പറയേണ്ടതു്. നിങ്ങൾ അവൻെറ വചനപ്രകാരം അവനെ അനുസരിച്ചിട്ടില്ലെങ്കിൽ ദയവു ചെയ്തു് അങ്ങനെ അനുസരിക്കുക. അതിനുശേഷമേ നിങ്ങൾ ക്രിസ്തുവിനാൽ രക്ഷപ്രാപിക്കയും ക്രിസ്ത്യാനിയായി തീരുകയും ചെയ്യുന്നുള്ളു.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays— 9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P M.

HINDI —*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.

Thursdays— 7 : 15 P.M to 7.30 P.M.
Fridays — 8 : 00 P.M. to 8. 15 P. M.
Saturdays —8.00 P.M. to 8 15 P.M
Sundays — 9.00 A,M to 9.15 A.M

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001.

Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P.M.
Thursdays— 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker: P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore-560084.

Tuesdays— 5 : 30 to 5 : 45 P M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.

Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth-Speaker Robert Rathnakar-Box. 448, Bangalore-560004

Sundays 1:45 P M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis. 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m.

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695034